# HYDEL BULLET

Issue - 1, Vol - 12 January - February 2024

**A Monthly Publication of the Kerala State Elecrictiy Board Engineers' Association**











Engineers' Diary 2024 released by Er. Surendra P., Director, KSEBL, and the Calendar 2024 released by the Ex. President Er Sunil K. & Ex. General Secretary Er. Geetha V.S.

Kozhikode Unit Meeting




Thrissur Unit Meeting



Malappuram Unit Meeting





**KSEB Engineers' Association Office Bearers 2023 - 24**

**ASSOCIATION**

**President**
Er G Shaj Kumar

**Vice-Presidents**
Er Viji Prabhakaran (South)
Er Haripradad M (North)

**General Secretary**
Er M Muhammad Rafi

**Treasurer**
Er Anoop Vijayan

**Organizing Secretaries**
Er Nishanth B (South)
Er Sajithkumar M (North)

**Secretaries**
Er Kunjunni P S (HQ)
Er Induchoodan D R (South)
Er Shameer N (North)

**BENEVOLENT FUND**

**Chairman**
Er Jayasankar K R

**Vice Chairman**
Er Subha T G

**Secretary**
Er Haridas Vijayan

**Treasurer**
Er Pradeep S V

**Joint Secretaries**
Er Anoop A (South)
Er Smruthi M (North)

**EDITORIAL BOARD**

**Chief Editor**
Er Rajesh D S

**Associate Editors**
Er Mahesh T
Er. Sarath Dev
Er Divya Ramadas C
Er Preetha D

**Ex. Officio Members**
Er Induchoodan D R
Er Kunjunni P S

# HYDEL BULLET

(A Monthly Publication of the KSEB Engineers' Association)

Issue - 1 Vol - 12 January - February 2024

## Editorial

## Supply Chain Fails and the Lessons Need To Learn…

CMD has started a new initiative to reform the inventory management of KSEBL with a series of meeting being conducted with the engineers of various Business Units in the New Year. Excel sheets were distributed to the field offices to enter the quantity of the materials that the respective offices have in possession. We understand that the SAMAGRA software has been launched in June 2022 to track the material movement in all the field offices of KSEBL. Even after one and a half years, if the CMD is resorting to the excel sheets for data collection of the inventory, the relevance or efficacy of the SAMAGRA software is under question.

CMD in his meetings clearly focuses on reducing the expenditure towards inventory management. The focus is on reducing the local purchases at the field level and to centralize the purchase processes at the Chief Engineer level. At present, the centralized purchase process is being carried out by the Chief Engineer (SCM) where materials of all SBUs are purchased and distributed to the Sub Regional Stores. Now the effort is to distribute the materials to the Regional Chief Engineers of the Distribution, Transmission and Generation wing and arrange bulk purchases

through these offices. The goal is to reduce the per item cost due to bulk purchase but will it reduce the lead time of material delivery is a question to be raised.

We feel that the efforts of the CMD to reform the material management will not work until and unless the root cause of the issue is not found out and a solution is arrived to tackle the root cause which is the purchase process reforms. The purchase process being followed by KSEBL is decades old back and does not suite the current power scenario requirements. Until and unless, we don't reform the purchase processes we will not be able to deliver the right material at the right time and at the right place.

About 14 years back in 2010, KSEBL had started reforming the purchase processes of KSEBL through SCM software, but not being implemented in the ground in its true spirit. Efforts have been initiated by the former CMD Sri. Rajeev Sadanandan IAS in 2008, where he appointed a financial consultant M/s. Deloitte India Pvt. Ltd. to optimize the Supply Chain Management Activities in the erstwhile KSEB. They submitted the Reforms Report in 2009 and based on the report, KSEB released seven Board Orders in sequential order. The final report had recommended new processes like Rate Contract System, Vendor Registration, and software to handle the new processes. Only change in name of our Purchase department from Transport Contracts and Materials (TC & M) to Supply Chain Management (SCM) was the end result. Apart from that, no new processes was initiated in the SCM department. The Vendor Registration process which started in 2012 is still continuing. SCM Software was built and handed over to the KSEBL in 2011 for automating the manual purchase processes in the SCM department. But sadly the software was not implemented in the SCM department although it was released in the Distribution Wing. The efforts to release it in the Transmission wing and Generation wing also was not taken up. Not even 10% of the Deloitte Recommendations and the software modules were released into the field.

In this scenario, directing other Chief Engineers to purchase materials using the old purchase policy of KSEBL will not augur well for the inventory management of KSEBL. These type of ideas implemented in the past have not effected any change in the material flow and stock of KSEBL. Hence Association demands that the management should implement the recommendations released through seven Board Orders in 2010 in its true spirit before going for such wild efforts. A software based solution with complete automation and paperless mode should be implemented in the office of the SCM to reduce the lead time for purchase of materials. This will improve the efficiency of purchase and hence more materials can be centrally purchased thus reducing the expenditure towards material purchases.

## CONTENTS


**01** – *Page 6*
*തീജ്വാല*
നിലാവേ മായുമോ
*Er എൻ.ടി. ജോബ്*

**02** - *Page 9*
കേരളത്തിന്റെ വൈദ്യുതി താരിഫ്
**Er** സി.പി. ജോർജ്

**03**- *Page 13*
*സുഭാഷിതം*
യഥാർത്ഥ പണക്കാരൻ
*Er കെ. ശശിധരൻ*

**04** - *Page 15*
ജാഗ്രത സമിതികളുടെ പ്രസക്തി
*Er ഇ.എം. നസീർ*

**05** - *Page 16*
ജീവിക്കാൻ കാരണങ്ങൾ *(കവിത)*
*Er ദീപിക ഡി.റ്റി.*

**06** - *Page 17*
How Much We Need
*Er Thomas Kolanjikombil*

**07** - *Page 19*
*സർവ്വീസ് സ്റ്റോറി - 2*
ഒരു ഡിസ്കണക്ഷനും ഒരു റീകണക്ഷനും
*Er കെ.പി. ഗോപാലകൃഷ്ണൻ*

**08** - *Page 20*
*കഥ*
ഏകാന്തതയുടെ
കഥാപുസ്തകം
*Er അനീഷ് ഫ്രാൻസിസ്*

**09** - *Page 25*
*ഗാനമാധുരി - 12*
സർപ്പസംഗീതം ഭാഗം മൂന്ന്
*Er പി.വി. പ്രമോദ്*

**10**- *Page 35*
*(കവിത)*
മിന്നാമിനുങ്ങുകൾ
*Er മഹേഷ് റ്റി.*

**11** - *Page 37*
Energy Briefs - 6
*Er Subha T.G*

**12** - *Page 40*
സ്ഥാനകയറ്റങ്ങളുടെ
രീതിശാസ്ത്രം
*Er ഹരികുമാർ ബി.*

**13** - *Page 41*
സിനിമാഭിപ്രായം - 2
*Er കെ.എൻ. രാമദാസ്*


**കവിത**

# മണിക്കുട്ടന്...




***Er. ഹനീഷ് എ.എസ്.***
*അസിസ്റ്റന്റ് എക്സിക്യുട്ടീവ് എഞ്ചിനീയർ*


**നി**നയാത്ത നേരത്ത് വന്നെന്റെ ചാരത്ത്
കൊഞ്ചി നിന്നീടും മണിക്കുരുന്നേ
നിന്നുടെ സാമീപ്യമത്രമേൽ ഹൃദ്യ-
മിന്നെന്നാത്മ താപം ശമിക്കയാൽ

ഏതോ പുരാതന ജന്മബന്ധത്തിന്റെ
കാണാത്ത നൂലിനാൽ ബന്ധിതർ നാം
അല്ലെങ്കിലിത്രമേൽ നൂനമിക്കാലത്തിൽ
തീരാത്ത സ്നേഹത്താൽ കോർത്തു നമ്മൾ

ഏറെ നാൾ മീട്ടാതെ നിന്നൊരെൻ മാനസ
തന്ത്രികൾ മധുരമായ് മീട്ടീടുക
എന്റെ കർമ്മത്തിന്റെ സാഫല്യമായ് നീ-
യെന്റെ ഹൃദയത്തിൽ വാണീടുക

ഊഷരഭൂമിയിൽ പൂക്കൾ വിടർത്തുന്ന
സ്നേഹസാമിപ്യത്താലിന്നു നീയും
നിന്നുടെ പുഞ്ചിരിപ്പൂക്കളാൽ ധന്യമി-
ന്നെന്നുടെ ആരാമം ആനന്ദത്താൽ

എന്നും അരമണിക്കൊഞ്ചൽക്കിലുക്കമായ്
നീ, എൻ പൂമുഖത്ത് കളിയാടുക
വാത്സല്യമോടെന്നും ചേർത്തുപിടിക്കാം ഞാൻ
സ്നേഹ മധുരത്താൽ നിന്നെയൂട്ടാം




# നിലാവേ മായുമോ




**Er എൻ.ടി. ജോബ്**
*ഡെപ്യൂട്ടി ചീഫ് എഞ്ചിനീയർ (റിട്ട.)*
*ntjobthirur@gmail.com*

സംസ്ഥാനത്തെ തെരുവുവിളക്കുകളുടെ എണ്ണം നാൾക്കുനാൾ വർദ്ധിച്ചുകൊണ്ടിരിക്കുകയാണ്. എന്നാൽ തെരുവുവിളക്കുകളിൽ നിന്നും ലഭിക്കുന്ന വരുമാനം ദിനംപ്രതി കുറഞ്ഞുകൊണ്ടിരിക്കുകയാണ്. ഇതിന്റെ ഗുട്ടൻസ് അന്വേഷിച്ചു പോകുമ്പോഴാണ് നിലാവിൽ എത്തി നിൽക്കുക. സംസ്ഥാനത്തെ തെരുവുവിളക്കുകൾ വഴിയുള്ള ഊർജ്ജ ഉപയോഗം സംരക്ഷിച്ചുകൊണ്ട്, കുറച്ചുകൊണ്ടു വരുന്നതിനായി രൂപം കൊടുത്ത പദ്ധതിയായിരുന്നു “നിലാവ്”. ഈ പദ്ധതിപ്രകാരം നിലവിലുള്ള ഇരട്ട ട്യൂബ് ലൈറ്റുകളെല്ലാം ഒറ്റ എൽ.ഇ.ഡി. ലൈറ്റുകളായി മാറും. സ്വാഭാവികമായും വൈദ്യുതി ഉപയോഗം കുറയും. ഈ ഒരു സിദ്ധാന്തത്തിലൂന്നിയുള്ള പദ്ധതിയായിരുന്നു നിലാവ്. രണ്ടായിരത്തി പത്തൊമ്പതിൽ കണക്കെടുക്കുമ്പോൾ പതിനാറര ലക്ഷം തെരുവുവിളക്കുകളാണുണ്ടായിരുന്നത്. ഇതിൽ പത്തു ലക്ഷം വിളക്കുകൾ എൻ.ഇ.ഡി.യിലേക്കു മാറ്റുന്നതിനാണ് പദ്ധതിയിട്ടിരുന്നത്. മുന്നൂറുകോടി രൂപയുടെ പദ്ധതി ഏൽപ്പിച്ചത് കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങളുടെ കൺസോർഷ്യം കമ്പനിയായ ഇ.ഇ.എസ്.എൽ. എന്ന കമ്പനിയെയാണ്; ഇതിനുള്ള ഫണ്ട് കിഫ്ബി നൽകുമെന്നുമായിരുന്നു പദ്ധതി വിഭാവനം ചെയ്തത്. സർക്കാർ വകുപ്പ് എൽ.എസ്.ജി.ഡി.യാണ് പദ്ധതിയുടെ മേൽനോട്ടക്കാരും പൈസ കൊടുക്കേണ്ടതും. കെ.എസ്.ഇ.ബി.യാണ് ലൈറ്റുകൾ സ്ഥാപിക്കേണ്ടത്. ഇതിനുള്ള പൈസ പഞ്ചായത്ത് വകുപ്പ് കെ.എസ്.ഇ.ബി.യ്ക്കു നൽകുമെന്നാണ് ധാരണയുണ്ടായിരുന്നത്; നൽകിയോ എന്നറിയില്ല. ഇതിൽ ഉപയോഗിച്ചിരിക്കുന്ന എൽ.ഇ.ഡി. ലൈറ്റുകൾക്ക് ഏഴു വർഷത്തെ ഗ്യാരണ്ടിയുണ്ട്. അതുകൊണ്ട് ഏഴു വർഷത്തിനുള്ളിൽ ലൈറ്റുകൾ കേടായാൽ ഇ.ഇ.എസ്.എൽ. കമ്പനി പകരം ലൈറ്റ് നൽകണം. ലൈറ്റ് മാറ്റിയിടുന്നത് പഞ്ചായത്ത് അധികൃതർ നേരിട്ടോ കെ.എസ്.ഇ.ബി. വഴിയോ നടത്തണം.

പത്തരലക്ഷം ലൈറ്റുകൾ മാറ്റുവാൻ ലക്ഷ്യംവെച്ചുവെങ്കിലും ഇതുവരെ മാറ്റിയത് മൂന്നരലക്ഷം ട്യൂബ് ലൈറ്റുകളാണ്; അതായത് പദ്ധതി വിഭാവനം ചെയ്തതിന്റെ മൂന്നിലൊന്നുപോലുമായിട്ടില്ല. അടുത്ത ഘട്ടത്തിലേക്കു കടക്കുന്നതിനുള്ള ലക്ഷണവും കാണാനില്ല. ഊർജസംരക്ഷണത്തിന്റെ ഉദാത്ത മാതൃകയായി കൊട്ടിഘോഷിച്ചാണ് വന്നതെങ്കിലും കാര്യമായ പുരോഗതിയൊന്നുമുണ്ടാകുന്നുമില്ല.

നിലവിൽ നിലാവ് പദ്ധതിയിൽ പഞ്ചായത്തുകൾ മാത്രമെ ഭാഗഭാക്കായിട്ടുള്ളു. മുനിസിപ്പാലിറ്റികളും കോർപ്പറേഷനുകളും ഈ പദ്ധതിയിൽ നിന്നും വിട്ടുനിൽക്കുകയാണ്. പദ്ധതി

യിൽ ഉൾപ്പെട്ട പഞ്ചായത്തുകൾപോലും മറ്റുള്ളവരോട് ഇതിൽ ചേരാതെ ഓടിരക്ഷപ്പെട്ടോളാനാണ് ഉപദേശിക്കുന്നത്. ഇതിനു കാരണം ബൾബുകൾ കേടായാൽ പകരം ഇ.ഇ.എസ്.എൽ.കമ്പനി ബൾബുകൾ നൽകിയാലേ പ്രവർത്തനം മുമ്പോട്ടു പോകുകയുള്ളു. കേരളത്തിലെ കാലാവസ്ഥയുടെ രീതിയനുസരിച്ച് കാലവർഷക്കാലത്ത് ഇടിമിന്നൽ വളരെയേറെ ഉണ്ടാവുന്നതുകൊണ്ട് കേടാവുന്ന ലൈറ്റുകളുടെ എണ്ണം വളരെ കൂടുതലാണ്. അതിനനുസരിച്ച് പകരം ലൈറ്റുകൾ കിട്ടുന്നില്ലെന്നിടത്താണ് പ്രശ്നം നിലനിൽക്കുന്നത്. അതുകൊണ്ട് തെരുവുവിളക്കുകൾ കുറെയധികം കെട്ടുകിടക്കുകയാണ്. ഈ കെട്ടുകിടക്കുന്ന ലൈറ്റുകൾ മാറ്റണമെങ്കിൽ കമ്പനി നൽകേണ്ടതുണ്ട്. അതു കിട്ടുന്ന മുറയ്ക്ക് മാത്രമെ മാറ്റുവാൻ സാധിക്കുകയുള്ളുവെന്നതാണ്. എല്ലാവരുടെയും പ്രശ്നം. അതുകൊണ്ട് കെട്ടുകിടക്കുന്ന ലൈറ്റുകളുടെ എണ്ണം ഓരോ ദിവസം കഴിയുംതോറും കൂടി കൊണ്ടിരിക്കുകയാണ്. പയ്യെ പയ്യെ ഓരോവിളക്കുകാലിനു കീഴിലുമുള്ള നിലാവ് മങ്ങുകയാണ്. നിലാവ് പദ്ധതിയിൽ ഇല്ലാത്ത പോസ്റ്റുകളിലെ ബൾബുകൾ കേടായാൽ പഞ്ചായത്തിനു മാറ്റുവാൻ സാധിക്കും. എന്നാൽ ഈ പദ്ധതിയിൽ ഏഴു വർഷത്തെ ഗ്യാരണ്ടിയുള്ളതുകൊണ്ട് അങ്ങിനെ മാറ്റുവാൻ സാധിക്കുകയില്ല. അതുകൊണ്ടാണ് പദ്ധതിയിലുള്ള പഞ്ചായത്തുകൾ പോലും ഇതിൽനിന്നും ഒഴിവാകുന്നത് എങ്ങിനെയെന്ന് ഗവേഷണം നടത്തികൊണ്ടിരിക്കുന്നത്. പദ്ധതിയിൽ ഉള്ളവർ മറ്റുള്ളവരോട് പദ്ധതിയിൽ ചേരാതിരിക്കുന്നതാണ് നല്ലതെന്നും ഉപദേശിക്കുന്നു.

ഇതിന്റെയൊപ്പം മനസ്സിലാക്കേണ്ടത്, ഈ പദ്ധതിയുടെ ഗുണംകൊണ്ടോ ദോഷം കൊണ്ടോ ആണെന്ന് അറിയില്ല, വൈദ്യുതിയുടെ ഉപയോഗവും വരുമാനവും നാൾക്കുനാൾ കുറഞ്ഞു വരികയാണ്. ഇതിന് ഒരു കാരണം തെരുവ് വിളക്കുകൾ എല്ലാം മീറ്റർ കണക്ഷൻ ആക്കിമാറ്റണമെന്ന നിർദ്ദേശത്തെ തുടർന്ന് തെരുവ് വിളക്കുകൾ മീറ്റർ കണക്ഷനുകളായി മാറിക്കൊണ്ടിരിക്കുകയാണ്. നേരത്തെ ലൈറ്റുകളുടെ എണ്ണത്തിനനുസരിച്ച് റവന്യു കിട്ടുമായിരുന്നു. എന്നാലിപ്പോഴും മീറ്ററിൽ കൂടി പോകുന്ന കറന്റിനനുസരിച്ച് മാത്രമെ റവന്യൂ കിട്ടുകയുള്ളു. ഈ പദ്ധതി വന്നതോടുകൂടി കെട്ടുകിടക്കുന്ന ലൈറ്റുകളുടെ എണ്ണം കൂടുന്നതാണ് റവന്യു കുറയുന്നതിന് ഒരു കാരണം. കഴിഞ്ഞ കുറെ വർഷങ്ങളിലെയും അടുത്ത രണ്ടു വർഷങ്ങളിലെയും തെരുവുവിളക്കുകൾക്കായുള്ള കറന്റിന്റെ ഉപയോഗവും വരുമാനവും താഴെകൊടുക്കുന്നു.

| വർഷം | ഉപയോഗം (MU) | വരുമാനം (കോടി) |
|---|---|---|
| 2017-18 | 373.48 | 169.85 |
| 18-19 | 380.84 | 177.06 |
| 19-20 | 404.36 | 182.93 |
| 20-21 | 420.75 | 195.51 |
| 21-22 | 437.81 | 203.38 |
| 22-23 | 303.90 | 147.82 |
| 23-24 | 307.23 | 148.6 |
| 24-25 | 310.61 | 150.48 |
| 25-26 | 314.02 | 152.4 |
| 26-27 | 317.52 | 154.36 |

ഊർജ സംരക്ഷണത്തിന്റെ ഭാഗമായാണ് ഉപയോഗത്തിലും വരുമാനത്തിലുമുണ്ടാകുന്ന കുറവെങ്കിൽ നല്ലതായിരുന്നു. അതല്ല ലൈറ്റുകൾ കെട്ടുകിടക്കുന്നതുകൊണ്ടാണ് കുറവു വരുന്നതെങ്കിൽ അത് മോശം കാര്യവുമാണ്. കൊട്ടിഘോഷിച്ച് വരുന്ന പലപദ്ധതികളുടെയും പ്രായോഗികത ഒരു പ്രശ്നമാണ്. സിദ്ധാന്തപരമായി എല്ലാം ശരിയാവും, ഒന്നും ഒന്നും

കൂട്ടിയാൽ രണ്ടുതന്നെ, പക്ഷെ പലപ്പോഴും പ്രയോഗതലത്തിൽ അങ്ങിനെയല്ല.

ഈ പദ്ധതിയിൽ കൂട്ടിച്ചേർക്കാൻ ഇനിയും കുറെ പഞ്ചായത്തുകൾ ബാക്കിയാണ്. അതുപോലെ മുനിസിപ്പാലിറ്റികളും കോർപ്പറേഷനുകളും ഈ പദ്ധതി വിജയകരമായി മുന്നോട്ടുകൊണ്ടുപോയെങ്കിൽ മാത്രമേ മറ്റുള്ള വരും പദ്ധതിയുടെ ഭാഗമാകുകയുള്ളു.

ഇതിനിടെ ഒരു സാങ്കേതിക പ്രശ്നവും എല്ലാവരും നേരിടുന്നുണ്ട്. തെരുവു വിളക്കുകൾ നന്നാക്കുവാനായി ഇപ്പോൾ കരാർ നൽകുന്നത് പഞ്ചായത്തുകളാണ്. അവർ ടെൻഡർ വിളിച്ച് കരാറുകൾ നൽകുകയാണ്. അങ്ങിനെ ഏറ്റെടുക്കുന്ന കരാറുകാർക്ക് ഭൂരിപക്ഷത്തിനും ലൈസൻസില്ല എന്നതാണ് വിഷയം. ലൈസൻസില്ലാത്ത കരാറുകാരായതുകൊണ്ട് ബോർഡിന്റെ ഭാഗത്തുനിന്നും മേൽനോട്ടം വേണ്ടത് ഒരാവശ്യമായി വരികയാണ്. പഞ്ചായത്ത് അധികൃതർ കെ.എസ്.ഇ.ബി. ഓഫീസിൽ വിളിച്ച് ഇതിനുള്ള ക്രമീകരണം നടത്തണമെന്ന് ആവശ്യപ്പെടുകയും ഓഫീസുകളിൽ നിന്നും അത് കാര്യമായി എടുക്കാതെ മുന്നോട്ടു പോകുകയും ചെയ്യുന്നതിനിടയിൽ മനുഷ്യാവകാശ കമ്മീഷൻ കേസ്സെടുക്കുന്ന സ്ഥിതിയാണുണ്ടായത്. ഒരു പഞ്ചായത്തിൽ തെരുവുവിളക്കുകളുടെ റിപ്പയറിംഗ് ഏറ്റെടുത്ത കരാറുകാരന് ലൈസൻസ് ഉണ്ടായിരുന്നില്ല. പഞ്ചായത്തിൽ നിന്നും അസിസ്റ്റന്റ് എഞ്ചിനീയറോടു ചോദിച്ചപ്പോൾ ലൈസൻസില്ലെങ്കിലും കുഴപ്പമില്ല, സൂപ്പർ വിഷനുവേണ്ടി ആളെ വിടാമെന്ന് ഏൽക്കുകയും ചെയ്തു. ജോലിത്തിരക്കു കാരണം സൂപ്പർവിഷന് ആളു പോയില്ല. തെരുവുവിളക്ക് നന്നാക്കുന്നതിനിടെ കരാറുകാരന് ഷോക്കേൽക്കുകയും മരണപ്പെടുകയും ചെയ്തു. പഞ്ചായത്തും കെ.എസ്.ഇ.ബി.യും പരസ്പരം പഴിചാരി രക്ഷപ്പെടുവാൻ നോക്കിയെങ്കിലും അവസാനം മനുഷ്യാവകാശ കമ്മീഷൻ കേസെടുക്കുന്ന സ്ഥിതി വരെ കാര്യങ്ങൾ എത്തി. ലൈസൻസില്ലാത്ത കരാറുകാരനെകൊണ്ട് ജോലി ചെയ്യുവാൻ അനുവദിച്ച കെ.എസ്.ഇ.ബി. അസിസ്റ്റന്റ് എഞ്ചിനീയർ ഉത്തരവാദിയാണെന്നു കണ്ടെത്തി. പഞ്ചായത്തുകാരെയും വെറുതെ വിട്ടില്ല. ആകെ നഷ്ട പരിഹാരമായി പ്രഖ്യാപിച്ച പത്തുലക്ഷത്തിൽ മൂന്നുലക്ഷം രൂപ പഞ്ചായത്ത് അധികൃതരും ഏഴുലക്ഷം രൂപ കെ.എസ്.ഇ.ബി. ഉദ്യോഗസ്ഥരും സ്വന്തം പോക്കറ്റിൽ നിന്നും നൽകണമെന്നാണ് ഉത്തരവ് ഉണ്ടായത്.

ഇങ്ങിനെ ഒരു ഉത്തരവ് ഉണ്ടായത് എല്ലാവരെയും ഇരുത്തി ചിന്തിപ്പിക്കുവാൻ തുടങ്ങിയിട്ടുണ്ട്. തെരുവുവിളക്കിന്റെ പ്രശ്നങ്ങൾ കെ.എസ്.ഇ.ബി. ഓഫീസിൽ നിന്നും ഒഴിവാക്കി കിട്ടുന്നതിനുവേണ്ടിയാണ് പഞ്ചായത്തുകളെ ഏല്പിച്ചത്. പക്ഷെ അങ്ങിനെയൊന്നും ഒഴിഞ്ഞു പോകില്ലെന്നാണ് ഇത്തരം സംഭവങ്ങളിലൂടെ തെരുവുവിളക്കുകൾ നമ്മളോടു പറയുന്നത്.

ബോർഡിലെ തന്നെ കുറെപ്പേർക്ക് ബുദ്ധി കുറെ കൂടുതലായതുകൊണ്ട് കെ.എസ്.ഇ.ബി.യുടെ വരുമാനം എങ്ങിനെ കുറയ്ക്കാം എന്ന ഗവേഷണം നടത്തുന്നവരാണ് അവർ. അങ്ങിനെ ബോർഡിന്റെ വരുമാനം കുറയ്ക്കുവാൻ വേണ്ടി കണ്ടുപിടിച്ച ഒന്നാണ് 'നിലാവ്'. അവസാനം ഉള്ള നിലാവും മായുമോ എന്ന ചോദ്യം അവശേഷിപ്പിച്ചുകൊണ്ട് തെരുവിളക്കുകൾ മിഴിയടക്കുന്നത് തുടർന്നുകൊണ്ടേയിരിക്കുന്നു.

✵

# കേരളത്തിന്റെ വൈദ്യുതി താരീഫ്: സങ്കീർണ്ണതയുടെയും കെടുകാര്യസ്ഥതയുടെയും നേർക്കാഴ്ചകൾ.



*Er സി.പി. ജോർജ്*
*ഡെപ്യൂട്ടി ചീഫ് എഞ്ചിനീയർ (റിട്ട.)*

**കേ**രളത്തിന്റെ വൈദ്യുതി മേഖലയുമായി ബന്ധപ്പെട്ടതും മേഖലയുടെ കാര്യക്ഷമതയേയും ഉപഭോക്താക്കൾക്ക് ലഭിക്കുന്ന സേവനങ്ങളുടെ മേന്മയേയും സംസ്ഥാനത്തിന്റെ വ്യാപാര-വ്യവസായ താൽപര്യങ്ങളെയും ബാധിക്കുന്ന ഏറ്റവും പ്രധാനപ്പെട്ട ഘടകം വൈദ്യുതിയുടെ നിയമാനുസൃതമായ കൈമാറ്റം സാദ്ധ്യമാക്കുന്ന താരീഫ് ഘടനയാണ് എന്നതിൽ തർക്കമുണ്ടാവേണ്ടതില്ല. താരീഫ് ഘടനയിൽ ഉണ്ടാവുന്ന അനീതിയും സുതാര്യതയില്ലായ്മയും സങ്കീർണ്ണതയും ആയാസവും എല്ലാം വൈദ്യുത മേഖലയെ മാത്രമല്ല, രാജ്യത്തിന്റെ വ്യാവസായിക പുരോഗതിയെ വരെ നേരിട്ട് ബാധിക്കുന്ന ഘടകമാണ്.

അതുകൊണ്ടാണ് സംസ്ഥാന സർക്കാരുകളുടെ വോട്ടു രാഷ്ട്രീയത്തിന്റെ നേരിട്ടുള്ള ബലിയാടായ വൈദ്യുത മേഖലയിൽ വൈദ്യുതിയുടെ നിരക്കുനിശ്ചയിക്കുന്നതിന് സർക്കാരുകളുടെ അനാവശ്യ ഇടപെടലുകൾ ഒഴിവാക്കി തൊഴിൽപരമായി മികവ് പുലർത്തുന്നതും വൈദ്യുതിയുടെ ശരിയായ വിലയെ പ്രതിഫലിപ്പിക്കുന്നതുമായ ഒരു സ്വതന്ത്ര സംവിധാനം, താരീഫ് റഗുലേറ്ററി കമ്മീഷനുകൾ, 1998-ൽ രാജ്യത്തെ പാലമെന്റ് പാസാക്കിയ Electricity Regulatory Commission Act, 1998 പ്രകാരം നിലവിൽ വന്നത്. വൈദ്യുതി നിയമം 2003 നിലവിൽ വന്നതോടെ പ്രസ്തുത നിയമം ഇല്ലാതാവുകയും അതിൽ ഉദ്ദേശിച്ചിട്ടുള്ളതും പറഞ്ഞിട്ടുള്ളതുമായ കാര്യങ്ങൾ കാലാനുസൃതമായ ഭേദഗതികളോടെ വൈദ്യുതി നിയമം 2003-ൽ ഉൾപ്പെടുത്തപ്പെടുകയും ചെയ്യപ്പെട്ടു.

"Rationalisation of Electricity Tariff" & "Ensuring Transparent Policies regarding Subsidies" എന്നിവ വൈദ്യുതി നിയമം 2003 -ന്റെ അടിസ്ഥാന ലക്ഷ്യങ്ങളായി പ്രഖ്യാപിച്ചിട്ടുള്ള കാര്യങ്ങളിൽ ഉൾപ്പെട്ടിട്ടുള്ളതാണ്. ഈ ലക്ഷ്യം നേടുന്നതിന് വേണ്ടി നടപ്പിലാക്കേണ്ട ഘടനയും നടപടികളും വൈദ്യുതി നിയമത്തിന്റെ 7-ാം ഭാഗത്തിൽ 'താരീഫ്' എന്ന തലക്കെട്ടിൽ 61-മുതൽ 65-വരെ വകുപ്പുകളിലായി വിവരിക്കുന്നുണ്ട്. ഇതിനും പുറമെ വൈദ്യുതി നിയമത്തിൽ നിഷ്കർഷിക്കുന്നതനുസരിച്ച് കേന്ദ്ര സർക്കാർ സംസ്ഥാന സർക്കാരുകളുമായുള്ള കൂടിയാലോചനകൾക്ക് ശേഷം പുറപ്പെടുവിച്ചിട്ടുള്ള രാജ്യത്തിന്റെ വൈദ്യുതി നയവും താരീഫ് നയവും പ്രസ്തുത ലക്ഷ്യം നിറവേറ്റുന്നത് വേണ്ട ചട്ടങ്ങളും നടപടിക്രമങ്ങളും ഉണ്ടാക്കുന്നതിന് റഗുലേറ്ററി കമ്മീഷനുകൾ അടക്കമുള്ള, വൈദ്യുതമേഖലയുമായി ബന്ധപ്പെട്ട രാജ്യത്തെ വിവിധ ഏജൻസികൾക്ക് വേണ്ട മാർഗ്ഗ നിർദ്ദേശങ്ങളാണ്. അതായത് ബന്ധപ്പെട്ട കമ്മിഷനുകൾ പുറപ്പെടുവിക്കുന്ന 'Regulation for Determination for Tariff" എന്ന താരിഫ് ചട്ടവും അനുബന്ധ താരിഫ് ഘടനയും വൈദ്യുതി നിയമത്തിന്റെയും രാജ്യത്തെ വൈദ്യുതി നയങ്ങളുടെയും

അന്തഃസത്തക്കനുസരിച്ചും ചട്ടക്കൂടിനുള്ളിലും ആയിരിക്കണം എന്നുസാരം.

വൈദ്യുതി നിയമത്തിലെ വകുപ്പുകളുടെ അന്തസത്ത ഉൾക്കൊണ്ടുകൊണ്ട് രാജത്തെ വൈദ്യുതി നയത്തിന്റെയും താരീഫ് നയത്തിന്റെയും നിർദ്ദേശങ്ങൾ പാലിച്ച് ഏറ്റവും ശാസ്ത്രീയമായും സുതാര്യമായും കാര്യക്ഷമമായും വൈദ്യുതിയുടെ മൊത്ത വ്യാപാരത്തിനും ചില്ലറ വ്യാപാരത്തിനും അനുബന്ധിച്ചുള്ള വൈദ്യുതകൈമാറ്റം ഏറ്റവും വിശ്വാസ്യതയോടെയും എളുപ്പത്തിലും നടക്കുന്നതിന് അനുയോജ്യമായ താരീഫ് ഘടന നടപ്പിൽ വരുത്തുവാൻ റഗുലേറ്ററി കമ്മീഷനുകൾക്ക് കടമയുണ്ട്.

എന്നാൽ എത്ര നിയമങ്ങൾ ഉണ്ടായാലും എത്ര നയ നിർദ്ദേശങ്ങൾ ഉണ്ടായാലും അതൊക്കെ സ്ഥാപിത താൽപര്യങ്ങൾക്കു വേണ്ടി വളച്ചൊടിക്കുന്നതിൽ ഒറ്റക്കെട്ടായി പ്രവർത്തി ക്കുന്ന രാഷ്ട്രീയ - ഉദ്യോഗസ്ഥ-റഗുലേറ്ററി സംവിധാനത്തിന്റെ അവിശുദ്ധ കൂട്ടുകെട്ടിന്റെ നേർക്കാഴ്ചയാണ് കേരളത്തിലെ സങ്കീർണ മായ താരീഫ് ഘടന എന്നത് പറയാതെ വയ്യ!

വൈദ്യുതി നിയമത്തിലെ 61-ാം വകുപ്പിലെ (g) ഉപവകുപ്പുപ്രകാരം വൈദ്യുതിയുടെ താരീഫ് അതിന്റെ ശരിയായ വിലയെ പ്രതിഫലിപ്പിക്കുന്നതാവണം. അതോടൊപ്പം കമ്മീഷൻ നിശ്ചയിക്കുന്നപ്രകാരം ക്രോസ്സ് സബ്സിഡി കുറയ്ക്കുന്ന രീതിയിലാവണം താരീഫ് ഘടന രൂപകൽപന ചെയ്യേണ്ടത്.

വൈദ്യുതി നിയമത്തിന്റെ 65-ാം വകുപ്പിന്റെ മൂന്നാം ഉപവകുപ്പുപ്രകാരം താരീഫ് നിശ്ചയിക്കുമ്പോൾ എതെങ്കിലും ഒരു ഉപഭോക്താവിന് പ്രത്യേക പരിഗണന പാടില്ല. പക്ഷേ ഉപഭോക്താവിന്റെ load factor, power factor, ഒരു നിശ്ചിത സമയദൈർഘ്യത്തിനുള്ളിൽ ഉപയോഗിച്ച വൈദ്യുതിയുടെ അളവ്, അല്ലെങ്കിൽ വൈദ്യുതി ആവശ്യപ്പെട്ടതും ഉപയോഗിച്ചതുമായ സമയം, അല്ലെങ്കിൽ പ്രദേശത്തിന്റെ ഭൂമിശാസ്ത്രപരമായ ലൊക്കേഷൻ, കൊടുക്കുന്ന വൈദ്യുതിയുടെ സ്വഭാവം, വൈദ്യുതി ഉപഭോഗത്തിന്റെ ഉദ്ദേശം എന്നിങ്ങനെയുള്ള കാരണങ്ങളാൽ വൈദ്യുത താരീഫിൽ വ്യത്യസ്ഥത പരിഗണിക്കാവുന്നതാണ്.

വൈദ്യുത താരീഫിൽ വേണ്ട പരിഷ്കാരങ്ങൾ കൊണ്ടുവന്ന് അതുവഴി വൈദ്യുത ബില്ലിംഗ് സിസ്റ്റം സാധാരണക്കാർക്ക് മനസ്സിലാക്കാൻ ഏറ്റം എളുപ്പമുള്ളതും യുക്തി ഭദ്രവും വൈദ്യുതിയെ ഉപഭോക്താവിൽ എത്തിക്കാൻ വേണ്ട ചെലവിന് ആനുപാതികവും ആക്കാൻ കേന്ദ്ര വൈദ്യുതി നിയമവും രാജ്യത്തെ വൈദ്യുതി നയങ്ങളും ഇലക്ട്രിസിറ്റി ചട്ടങ്ങളും സാങ്കേതിക മാനദണ്ഡങ്ങളും നിഷ്കർഷിക്കുമ്പോൾ ഇവിടെ കേരളത്തിൽ വൈദ്യുതി താരീഫ് സിസ്റ്റം എങ്ങനെ സങ്കീർണ്ണമാക്കാം എന്നതിനെപ്പറ്റിയും എങ്ങനെ സാധാരണക്കാരന് ഒരിക്കലും മനസ്സിലാക്കാനാവാത്ത വിധത്തിൽ ബില്ലുകൾ ഉണ്ടാക്കാമെന്നതിനെപ്പറ്റിയും ഗവേഷണം നടത്തുന്നതിലും പരീക്ഷണം നടത്തുന്നതിലും അത് ദയനീയമായി നടപ്പാക്കുന്നതിലും ഉത്സുകരാണ് KSERCയും KSEB യും എന്നു പറയാതെ വയ്യ!

കേരളത്തിൽ വൈദ്യുതി വിൽപനയുമായി ബന്ധപ്പെട്ട് റഗുലേറ്ററി കമ്മീഷൻ അംഗീകരിച്ച 33-ൽ അധികം താരീഫ് വിഭാഗങ്ങൾ ഉണ്ട്.

അതിൽ 17-LT താരിഫ് വിഭാഗങ്ങളും 8 HT താരിഫ് വിഭാഗങ്ങളും 5 EHT താരിഫ് വിഭാഗങ്ങളും 2 ട്രാക്ഷൻ താരിഫും ഇവിടെ നിലവിലുണ്ട്.

ഇവയൊന്നും തന്നെ വൈദ്യുതി ഉപഭോക്താവിന്റെ അടുത്ത് എത്തിക്കാനുള്ള

ചെലവുമായോ മറ്റെന്തെങ്കിലും യുക്തിക്കനുസരിച്ചോ ഉണ്ടാക്കിയതല്ല എന്നതാണ് ഏറ്റവും പരിതാപകരം. കൂടുതൽ പരിശോധിച്ചാൽ ഇവയെല്ലാം സ്ഥാപിത താൽപര്യക്കാരുടെയും ലോബികളുടെയും സമ്മർദ്ദത്തിലും KSERC യിലും KSEBയിലും ഇരിക്കുന്ന ചിലരുടെ വ്യക്തിപരമായ ഭാവനക്കനുസരിച്ചും ഉണ്ടായിക്കൊണ്ടിരിക്കുന്നു എന്നതാണ് വസ്തുത. ഇത്ര സങ്കീർണ്ണമായ താരിഫ് ഘടന കൊണ്ട് ആർക്കാണ് പ്രയോജനം? സാധാരണ ജനത്തിനോ, വൈദ്യുത മേഖലക്കോ വൈദ്യുത യൂട്ടിലിറ്റികൾക്കോ ഇതുകൊണ്ട് എന്താണ് നേട്ടം?

വൈദ്യുതി നിയമവും പോളിസികളും മാനദണ്ഡങ്ങളുമൊക്കെ ഉണ്ടായിട്ടും അവ നടപ്പിലാക്കാൻ റഗുലേറ്ററി കമ്മീഷൻ ബാദ്ധ്യസ്ഥരായിട്ടും കേരളത്തിലെ താരീഫ് ഘടന കഴിഞ്ഞ മുപ്പതു വർഷം മുൻപത്തേതിലും സങ്കീർണ്ണവും യുക്തിരഹിതവും സാധാരണക്കാരന് യാതൊരു വിധത്തിലും മനസ്സിലാക്കാൻ വയ്യാത്ത നിലയിലും ആക്കിയിരിക്കുന്നു.

അതിന്റെ ഏറ്റവും അടുത്ത ഉദാഹരണമാണ് HT ഉപഭോക്താക്കൾക്ക് സബ്മീറ്റർ വച്ച് ഒരേവൈദ്യുതകണക്ഷൻ പരിസരത്തു തന്നെ ഒന്നിലധികം താരിഫ് അനുവദിക്കാൻ ഈയിടെ ഇറങ്ങിയ സർക്കുലർ!

ഇതനുസരിച്ച് HT സർവീസ് ഉള്ള ഒരു ഉപഭോക്താവിന്റെ സർവീസ് കണക്ഷൻ പ്രിമൈസ്സിൽ ഉപഭോഗത്തിന്റെ ആവശ്യകതയനുസരിച്ച് വ്യത്യസ്ഥ താരീഫിൽ (ഇവിടെ LT താരീഫ്) സബ് മീറ്ററവച്ചുള്ള തരീഫ് സിസ്റ്റം (അത് ലോഡ് segragation basis - ൽ ആണെങ്കിൽ പോലും) നിയമപരമായി ശരിയല്ലാത്തതും വൈദ്യുതി നിയമത്തിന്റെയും നയങ്ങളുടെയും അന്തഃസത്തക്ക് ചേരാത്തതും ആണെന്നതിൽ സംശയം വേണ്ട.

ഒരു കണക്ഷൻ ഒരു "electricity-premise' ആണ്. ഒരു പ്രിമൈസ്സിൽ രണ്ടു താരീഫ് എങ്ങനെയാണ് നിയമപരമായി ശരിയാവുക?

ഇനി HTകാർക്ക് കൊടുക്കുന്ന ആനുകൂല്യം എന്തുകൊണ്ട് LT കാർക്കും കൊടുത്തുകൂടാ? തുല്യ നീതിക്ക് അവർക്കും അവകാശമില്ലേ? എന്തുകൊണ്ട് അവിടെയും സബ് മീറ്ററും വ്യത്യസ്ഥ താരീഫും അനുവദിക്കുന്നില്ല?.

സർക്കുലർ പ്രകാരമുളള റീഡിംഗ് എടുക്കലും കണക്കുകൂട്ടലും ഇപ്പോൾ തന്നെ സങ്കീർണ്ണത കൊണ്ടു താറുമാറായ വൈദ്യുതി താരീഫ് സിസ്റ്റത്തെയും ബില്ലിംഗ് വ്യവസ്ഥയേയും കൂടുതൽ താറുമാറാക്കും എന്നതിൽ സംശയം വേണ്ട.

മാത്രവുമല്ല സർക്കുലറിൽ പറഞ്ഞിരിക്കുന്ന രീതിയിലുള്ള മാക്സിമം ഡിമാൻന്റിന്റെ കണക്കുകൂട്ടൽ കണ്ടാൽ Maximum Demand എന്നത് സമയാധിഷ്ഠിതമാണ് എന്ന അവബോധം പോലും ഇല്ലാത്തവരാണോ ഇത്തരം സർക്കുലറുകൾ ഇറക്കുന്നത് എന്ന് സംശയിക്കാതെ വയ്യ!

ഉപഭോക്താവിന്റെ രണ്ടു മീറ്ററും (HT മീറ്ററും LT സബ് മീറ്ററും) ഒരേ സമയത്താണ് MD രേഖപ്പെടുത്തുക എന്ന് മുൻകൂട്ടി തീരുമാനിച്ച് ഉറപ്പിക്കുന്നത് എങ്ങനെ? HT കൺസ്യൂമർ ശരിയായ MD യിൽ നിന്നും രക്ഷപെടാൻ സാഹചര്യം ഒരുക്കിക്കൊടുക്കുകയാണോ ഉദ്ദേശം എന്നുപോലും സംശയിച്ചാൽ കുറ്റം പറയാനാകില്ല!

ആവശ്യക്കാർക്ക് ഉപഭോഗത്തിന്റെ ഉദ്ദേശം അനുസരിച്ച് രണ്ടാമതൊരു കണക്ഷൻ അനുവദിക്കാൻ എന്താണ് തടസ്സം എന്നു മനസ്സിലാകുന്നില്ല ? അതിന് പകരം നിയമത്തിന്റെയും മാനദണ്ഡങ്ങളുടെയും അന്തഃസത്ത

ഇല്ലാതാക്കി ഇത്തരം വളച്ചൊടിച്ച തുഗ്ലക് പരിഷ്കാരങ്ങൾ ആർക്കു വേണ്ടി?

കേന്ദ്ര വൈദ്യുത അതോറിറ്റിയുടെ ചട്ടങ്ങൾ അനുസരിച്ച് സാധാരണ ഗതിയിൽ 6.5 kVA മുതൽ 2500 kVA വരെയുള്ള Transformer ഉപയോഗിച്ച് LT സപ്ലെ വിതരണം ചെയ്യാവുന്നതാണ്. ആവശ്യക്കാർ സ്വന്തം ലോഡിന് അനുസരണമായ ട്രാൻസ് ഫോർമർ വാങ്ങിച്ച് HT ലൈനിൽ നിന്നും ടാപ്പ് ചെയ്ത് സാങ്കേതിക മികവോടെ കണക്ഷൻ അനുവദിക്കാൻ എന്താണ് പ്രശ്നം? പ്രസ്തുത ട്രാൻസ്ഫോർമർ ലഭ്യമാക്കാൻ KSEBL -ന് എന്തെങ്കിലും അസൗകര്യം ഉണ്ട് എങ്കിൽ ആവശ്യക്കാരായ ഉപഭോക്താവിന് വാങ്ങി ലഭ്യമാക്കാൻ അനുവദിച്ചാൽ മതിയല്ലോ.

അതിന് പകരം വൈദ്യുത നിയമങ്ങ ൾക്കും ചട്ടങ്ങൾക്കും വിരുദ്ധമായതും കാര്യ ങ്ങളെ വഷളാക്കുന്നതുമായ ഇത്തരം പരിഷ് കാരങ്ങളാണ് കേരളത്തിന്റെ താരിഫ് ഘടനയെ ഇങ്ങനെ സങ്കീർണ്ണമാക്കിയത്.

കേരളത്തിന്റെ വൈദ്യുതി മേഖലയിൽ സ്മാർട്ട് മീറ്റർ-AMI സംവിധാനം ഉൾപ്പെടെ യുള്ള കാലാനുസൃതമായ സാങ്കേതിക വിദ്യകളെയും മാറ്റങ്ങളെയും വേണ്ട വിധം സന്നിവേശിപ്പിച്ച് ഉപഭോക്താവിന്റെ പരിസരത്ത് ഏറ്റവും കാര്യക്ഷമമായി വൈദ്യുതി എത്തിക്കുവാനുള്ള ചെലവ് ഏറ്റവും സുതാര്യമായി വാങ്ങാൻ പറ്റുന്ന താരിഫ് ഘടന വൈദ്യുതി നിയമത്തിന്റെയും വൈദ്യുതി നയങ്ങളുടെയും അന്തഃസത്ത ഉൾകൊണ്ട് രൂപകൽപന ചെയ്യുവാൻ ഉത്തര വാദികളായ KSERCയും KSEBയും രാഷ്ട്രീയ അജണ്ടകളുടെയും സമ്മർദ്ദ ഗ്രൂപ്പു കളുടെയും സ്വാർഥ താല്പര്യങ്ങളുടെയും അഭിപ്രായ ങ്ങൾക്കും ഭീഷണികൾക്കും വഴങ്ങി ഹ്രസ്വ കാല നേട്ടങ്ങൾക്കുവേണ്ടി പൊതു താല്പര്യ ങ്ങളെയും മേഖലയുടെ സംതുലിതമായ പുരോഗതിയെയും KSEBL എന്ന പൊതു മേഖലാ സ്ഥാപനത്തിന്റെ നിലനില്പി നെയും ജീവനക്കാരുടെ പ്രവർത്തന കാര്യക്ഷമത യെയും താറുമാറാക്കുന്ന താരിഫ് പരിഷ്കാര ങ്ങളുമായി ഓരോ തവണയും വരുന്നതു കാണുമ്പോൾ ദുഖിക്കുകയല്ലാതെ മറ്റു മാർഗ്ഗങ്ങൾ ഒന്നുമില്ലല്ലോ.

*"Condolences & prayers for the departed soul."*



**Er A.Gilbert Nal Surendra**
Engineer, KSEBL (Rtd.)



**Er Ravisankar M.S.**
Dy. CE, KSEBL (Rtd.)

## സുഭാഷിതം

# യഥാർത്ഥ പണക്കാരൻ



*Er കെ. ശശിധരൻ (റിട്ട.)*
കണ്ണൂർ

ഒരിക്കൽ ലോക കോടീശ്വരനായ ബിൽഗെയ്റ്റ്സിനോട് സംസാരത്തിനിടയിൽ ഒരാൾ പറഞ്ഞു. "ലോകത്ത് നിങ്ങളേക്കാൾ വലിയ പണക്കാരനില്ല."

ഇത് കേട്ട ബിൽഗേറ്റ്സ് തന്റെയൊരു അനുഭവം വിവരിക്കാൻ തുടങ്ങി....

കുറച്ച് വർഷങ്ങൾക്ക് മുമ്പ് എന്നെ ജോലിയിൽനിന്ന് പിരിച്ചുവിട്ട സമയം. ന്യൂയോർക്ക് വിമാനത്താവളത്തിൽ വെച്ച് ഒരു ന്യൂസ് പേപ്പർ ബോയിയെ കണ്ടു. പേപ്പറിലെ ഹെഡ്ലൈൻ കണ്ടപ്പോൾ ഒരാഗ്രഹം. ഒരു ന്യൂസ് പേപ്പർ വാങ്ങാം എന്ന് കരുതി അവനെ വിളിച്ചു.

പക്ഷേ എന്റെ കൈയ്യിൽ ചില്ലറ തുട്ടുകൾ ഇല്ല. അത് കാരണം വേണ്ടാ എന്ന് വെച്ചു നടന്നു. എന്നാൽ ആ കുട്ടി എന്നെ വിളിച്ചിട്ട് ഒരു പത്രം എന്റെ നേരെ നീട്ടി. എന്റെ കൈയ്യിൽ ചില്ലറയില്ല എന്ന് പറഞ്ഞപ്പോൾ 'സാരമില്ല, ഇത് ഫ്രീയായി എടുത്തോളൂ' എന്ന് പറഞ്ഞ് എനിക്ക് തന്നു.

മൂന്ന് മാസങ്ങൾക്ക് ശേഷം വീണ്ടും അതേ വിമാന താവളത്തിൽ എനിക്ക് പോകേണ്ടി വന്നു. അന്നും പേപ്പർ ബോയിയെ കണ്ടു. പഴയത് പോലെ ഹെഡ്ലൈൻ കണ്ട് പത്രം വാങ്ങാൻ ആഗ്രഹം തോന്നി എങ്കിലും കൈയ്യിൽ ചില്ലറയില്ല. അതേ പയ്യൻ വീണ്ടും ഫ്രീയായി പത്രം വെച്ച് നീട്ടി. എനിക്ക് വാങ്ങാൻ മടി തോന്നി.

'എന്റെ ലാഭത്തിൽ നിന്നുള്ളതാണ് സാർ.... സാരമില്ല' എന്ന് പറഞ്ഞ് അവൻ നിർബന്ധിച്ച് തന്നു. കാലം കടന്നുപോയി. ഞാൻ ജോലിയിൽ തിരിച്ചു വന്നു. ഏതാണ്ട് 19 വർഷങ്ങൾക്ക് ശേഷം ഞാൻ സാമ്പത്തികമായി മെച്ചപ്പെട്ട നിലയിൽ ജീവിക്കുന്ന അവസരം.ഒരു ദിവസം ആ പയ്യനെ കാണണം എന്ന ആഗ്രഹം എന്നിൽ ഉടലെടുത്തു. ഒന്നര മാസത്തെ അന്വേഷണത്തി നൊടുവിൽ അവനെ കണ്ടുപിടിച്ചു. അവനോട് ഞാൻ ചോദിച്ചു എന്നെ മനസ്സിലായോ...?

"മനസ്സിലായി സാർ, നിങ്ങൾ പ്രശസ്തനായ ബിൽഗേറ്റ്സ് അല്ലേ...! വർഷങ്ങൾക്ക് മുമ്പ് നീ എനിക്ക് രണ്ട് പ്രാവശ്യം ന്യൂസ് പേപ്പർ ഫ്രീയായി തന്നിട്ടുള്ളത് നിനക്ക് ഓർമ്മയുണ്ടോ? പകരം നിനക്ക് എന്തെങ്കിലും തരാൻ ഞാൻ ആഗ്രഹിക്കുന്നു. നിനക്ക് എന്ത് വേണമെങ്കിലും ആവശ്യപ്പെടാം.

പയ്യൻ പറഞ്ഞു; നിങ്ങളെക്കൊണ്ട് അതിന് പകരം തരാൻ കഴിയില്ല സാർ...

ഞാൻ : ങ്ങേ! അതെന്താ കാരണം...??

പയ്യൻ : ഞാൻ പാവപ്പെട്ടവനായി ഇരുന്ന സമയത്ത് നിങ്ങൾക്ക് ഞാൻ തന്നു. എന്നാൽ നിങ്ങൾ പണക്കാരൻ ആയതിന് ശേഷം എനിക്ക് അത് തിരിച്ചു തരാൻ നിങ്ങൾ വന്നു.

അപ്പോൾ പാവപ്പെട്ടവനായ അവസ്ഥയിൽ ഞാൻ തന്നതും, എല്ലാം ഉണ്ടായതിന് ശേഷം താങ്കൾ തരുന്നതും പകരത്തിന് പകരമാകില്ല സാർ...!!!

ഇത്രയും പറഞ്ഞ് നിർത്തിയിട്ട് ബിൽ ഗേറ്റ്സ്, താനാണ് ലോകത്തിലെ ഏറ്റവും വലിയ പണക്കാരൻ എന്ന് പറഞ്ഞ ആളോട് പറഞ്ഞു; ഇനി പറയൂ എന്നേക്കാൾ വലിയ പണക്കാരൻ ആ പയ്യനല്ലേ...??

ഒരു ധനവാന് ദാനം ചെയ്യാൻ ഒത്തിരി യൊന്നും പ്രയത്നിക്കേണ്ടി വരില്ല. എന്നാൽ ഒരു പാവപ്പെട്ടവന് ദാനധർമ്മം ചെയ്യണ മെങ്കിൽ, അല്ലെങ്കിൽ ഭണ്ഡാരത്തിൽ നിക്ഷേ പിക്കണമെങ്കിൽ, ഒത്തിരിയേറെ അവന്റെ കാര്യങ്ങൾ നീക്കി വെക്കേണ്ടതായി വരും.

ദേവാലയ പരിസരത്ത് ശിഷ്യരെ പഠിപ്പിച്ചു കൊണ്ടിരിക്കുമ്പോൾ വിധവയായ ഒരു സ്ത്രീ ചില്ലറ നാണയങ്ങൾ ഭണ്ഡാര പെട്ടിയിൽ ഇടുന്നത് കണ്ട യേശു ശിഷ്യന്മാ രോട് പറഞ്ഞ വാക്യം ഓർമ്മയുണ്ടായിക്കു മല്ലോ? അതായത്, ഈ വിധവ മറ്റുള്ളവരെ ക്കാൾ ഏറെ നിക്ഷേപിച്ചിരിക്കുന്നു; കാരണം, മറ്റുള്ളവരൊക്കെ അവരുടെ സമ്പത്തിൽ നിന്ന് നിക്ഷേപിച്ചപ്പോൾ ഈ സ്ത്രീയാകട്ടെ അവരുടെ ദാരിദ്ര്യത്തിൽ നിന്നാണ് നിക്ഷേ പിച്ചതത്രയും.

തനിക്ക് ഒരു തരത്തിലും ആവശ്യമി ല്ലാത്തത് പോലും അന്യന് ഉപകരിക്കുമെങ്കിൽ നൽകാൻ മനസ്സില്ലാത്തവരെ നമുക്ക് കാണാം. മനസ്സില്ലാമനസ്സോടെ നൽകുന്നവരേയും കാണാം. സ്വയം കഷ്ടപ്പാട് അനുഭവിച്ച് അന്യന്റെ സൗഖ്യം കാംക്ഷിക്കുന്നവരുണ്ട്. അവർക്ക് സ്വന്തം സുഖ സൗകര്യങ്ങളിൽ യാതൊരു താല്പര്യവുമുണ്ടാകില്ല. ഇവർ അന്യന്റെ സന്തോഷത്തിൽ ആനന്ദം കണ്ടെ ത്തുന്നു.

തിന്നാനായി പറന്നു വരുന്ന പക്ഷിയിൽ നിന്ന് രക്ഷപ്പെടാനായി ഒരു കിളി ശിബി മഹാരാജാവിന്റെ അടുക്കൽ അഭയം തേടുന്നു. രാജാവ് കിളിക്ക് അഭയം നൽകി. എന്നാൽ തന്റെ ഭക്ഷണമായ കിളിയെ വിട്ടുതരണമെന്ന് പുറകെ പറന്നു വന്ന പക്ഷി ആവശ്യപ്പെട്ടു. ശിബി മറ്റൊന്നുമാലോചിച്ചില്ല. തന്റെ ശരീര ഭാഗം മുറിച്ച് പക്ഷിക്ക് ഭക്ഷണമായി നൽകി. ശിബി മഹാരാജാവിന്റെ ഈ സന്മനസ്സിന്റെ മുന്നിൽ പരീക്ഷിക്കാനെത്തിയ യമധർമ്മൻ പരാജയപ്പെടുന്നു.

പാവപ്പെട്ട പത്രക്കാരൻ പയ്യനെ ബിൽ ഗേറ്റ്സ് മഹത്വവൽക്കരിച്ചതിനു കാരണവും അവന്റെ ആ വലിയ മനസ്സാണ്.

✵

## Letters to the Editor




**കത്തുകൾ അയക്കേണ്ട വിലാസം**

The Chief Editor
**Hydel Bullet**
KSEB Engineers' Association, Panavila
Thiruvananthapuram - 01
Phone : 0471 - 2330696

hydelbulletin@gmail.com 7012117197

# ജാഗ്രതാ സമിതികളുടെ പ്രസക്തി



*Er ഇ.എം. നസീർ*
*എക്സിക്യൂട്ടീവ് എഞ്ചിനീയർ (റിട്ട.)*

നമ്മുടെ സമൂഹത്തിലെ വലിയൊരു വിഭാഗം അസംതൃപ്തിയിലും ഭീതിയിലുമാണ്. അരക്ഷിതരെന്ന ബോധം ഏവരെയും അലട്ടുന്നു.

ചൂഷകരിൽ നിന്നും തട്ടിപ്പുകാരിൽ നിന്നും അക്രമികളിൽ നിന്നുമുള്ള ഭീഷണികളും സർക്കാർ സംവിധാനങ്ങളുടെ കെടുകാര്യസ്ഥതയും അനാസ്ഥയും സമൂഹത്തെ ഭീതിയിലാഴ്ത്തുന്നു. നീതിനിഷേധം തീരാവ്യാധിയായി തുടരുന്നു.

സർക്കാർ ഓഫീസുകളിൽ, ആശുപത്രികളിൽ, പോലീസ് സ്റ്റേഷനുകളിൽ, സ്വകാര്യ സ്ഥാപനങ്ങളിൽ തുടങ്ങി എല്ലാ രംഗത്തും നീതി നിഷേധിയ്ക്കപ്പെടുന്നു. രാഷ്ട്രീയ സ്വാധീനമോ, സാമ്പത്തികശേഷിയോ ഇല്ലാത്തവർക്ക് നീതിയെന്നത് ഒരു മരീചികയാണ്.

ഗുരുതരമായ കുടുംബ പ്രശ്നങ്ങളുണ്ടായാൽ നിരപരാധികൾക്ക് പിന്തുണ നൽകാനോ ആശ്വാസം പകരാനോ, ദ്രോഹ നടപടികളുമായി മുന്നോട്ടുപോകുന്നവരെയോ അവർക്ക് കുടപിടിക്കുന്നവരെയോ തടയാനോ ശാശ്വതവും കുറ്റമറ്റതുമായ സംവിധാനങ്ങളൊന്നും തന്നെയില്ല. പോലീസിലൂടെയും നിയമ നടപടികളിലൂടെയും മുന്നോട്ടു പോകാമെന്നു വെച്ചാൽ ഉള്ള മനഃസമാധാനം കൂടി നഷ്ടമാകുമെന്നതാണ് സ്ഥിതി. അഭിഭാഷകരുടെ കള്ളക്കളികളും നീതികിട്ടാനുള്ള കാലതാമസവും നിയമക്കുരുക്കുകളും ന്യായമില്ലാത്ത നിയമനടപടിക്രമങ്ങളും നീതി ദേവതയുടെ നിഷ്പക്ഷ കടാക്ഷത്തിന് മുന്നിലെ വലിയ കടമ്പകളാണ്.

സർക്കാർ വകുപ്പുകളിലാണെങ്കിൽ നീതിയെന്നത് ബാലികേറാമലയാണ്. യൂണിയനുകളുടെ മേൽനോട്ടത്തിലും മേൽക്കോയ്മയിലുമാണ് അവിടങ്ങളിലെ നടപടിക്രമങ്ങൾ. ഫയലുകൾ മുക്കുക, ഇല്ലാത്ത നിയമങ്ങളുടെയും മുരട്ടുഭാവനകളുടെയും, മുടന്തൻ ന്യായങ്ങളുടെയും അടിസ്ഥാനത്തിൽ ഫയലുകളിൽ വിയോജനക്കുറിപ്പുകളെഴുതി ഏടാകൂടങ്ങൾ സൃഷ്ടിച്ച് തീർപ്പുകൾ കഴിയുന്നത്ര വൈകിപ്പിച്ച് ആനന്ദം കൊള്ളുക, കൈക്കൂലി കൊടുത്തില്ലെങ്കിൽ തെക്കു വടക്ക് നടത്തിച്ച് മടുപ്പിക്കുക തുടങ്ങിയവയൊക്കെ സർക്കാർ ഓഫീസുകളിലെ സ്ഥിരം കലാപരിപാടികളാണ്. മറ്റുള്ളവരെ ദ്രോഹിക്കാൻ കിട്ടുന്ന ഒരവസരവും ഇവിടങ്ങളിൽ ആരും പാഴാക്കാറില്ല. അതിനാണിവർക്ക് ഭാരിച്ച ശമ്പളവും മറ്റാനുകൂല്യങ്ങളും നൽകുന്നത്.

പല സർക്കാർ സ്ഥാപനങ്ങളും വകുപ്പുകളും യൂണിയൻ ഭരണത്തിന്റെ രക്തസാക്ഷികളാണ്. വക്രബുദ്ധികളും വിവരം കെട്ടവരുമായവർ, അവരുടെ കുരുട്ടുബുദ്ധിയിലൂടെ പടച്ചുവിടുന്ന ജല്പനങ്ങളാണ് വ്യക്തതയില്ലാത്തതും ആശയകുഴപ്പം സൃഷ്ടിക്കുന്നതുമായ കുരുക്കു പിടിച്ച നിയമങ്ങളും കാലഹരണപ്പെട്ട നടപടി ക്രമങ്ങളും; പാവം പൊതുജനങ്ങൾ അവയുടെ ബലിയാടുകളും.

പരാതികളുമായി നീതിതേടി പോലീസ് സ്റ്റേഷനുകളിൽ പോകുന്നവരെ പലപ്പോഴും അവഗണനയും അവഹേളനവും ചിലപ്പോൾ മാനസ്സിക ശാരീരിക പീഡനങ്ങളുമാകും കാത്തിരിക്കുക. മാന്യതയുള്ളവർക്ക് ജനമൈത്രി പോലീസ് സ്റ്റേഷൻ എന്ന ഓമനപ്പേരിലറിയപ്പെടുന്ന ഭീതിത കേന്ദ്രങ്ങളെ സമീപിക്കാൻ അറപ്പും വെറുപ്പും ഭയവുമാണ്.

ഗാർഹിക പീഡന നിയമമനുസരിച്ച് കക്ഷികളെ നിരീക്ഷിക്കാൻ ജാഗ്രതാസമിതികളുണ്ട്. ഇത്തരം സമിതികളുടെ റിപ്പോർട്ടുകൾക്ക് കോടതിയിൽ വലിയ അംഗീകാരമാണ്. ശല്യക്കാരിൽ നിന്നുള്ള തുടർ ദ്രോഹങ്ങൾ തടയാൻ ലക്ഷ്യമിട്ടുള്ള വലിയ ആശയമാണ് ജാഗ്രതാ സമിതികളുടെ രൂപീകരണത്തിന് വഴിയൊരുക്കിയത്. നിർഭാഗ്യവശാൽ ഇവയുടെ പ്രവർത്തനക്ഷമത വലിയൊരു ചോദ്യചിഹനമായി നിലകൊള്ളുന്നു. നല്ല രീതിയിൽ കൈകാര്യം ചെയ്ത് ഫലപ്രദമാക്കാൻ കഴിയുമായിരുന്ന കാര്യം.

ജാഗ്രതാ സമിതികളുടെ പ്രവർത്തനങ്ങൾ കുടുംബപ്രശ്നങ്ങൾക്കു മാത്രമായി പരിമിതപ്പെടുത്താതെ ചൂഷണങ്ങളും ചതിപ്രയോഗങ്ങളും അനാസ്ഥയും നടമാടുന്ന എല്ലാ മേഖലകളിലേക്കും വ്യാപിപ്പിക്കുമെങ്കിൽ അതുവഴി ലഭിക്കുന്ന ആശ്വാസത്തിന് അതിരുകളുണ്ടാകില്ല. നിഷ്പക്ഷമായും കാലതാമസം ഒഴിവാക്കിയും പ്രവർത്തിക്കണമെന്നേയുള്ളു. പരാതിക്കാരുടെ പ്രശ്നങ്ങളും പരിഹാര നടപടികളും ഗൗരവമായി പഠിച്ച് വിലയിരുത്തി റിപ്പോർട്ടു നൽകണം. വ്യാജ ആരോപണങ്ങളും കള്ള കേസ്സുകളും നൽകി കോടതികളുടെയും സർക്കാർ സംവിധാനങ്ങളുടെയും വിലയേറിയ സമയം പാഴാക്കാൻ ശ്രമിക്കുന്നവരെ കടുത്ത ശിക്ഷകൾക്ക് വിധേയരാക്കാൻ വേണ്ട ശുപാർശകൾ നൽകണം. നിഷ്പക്ഷരും നിർഭയരും പൊതു സ്വീകാര്യതയുള്ളവരും അംഗങ്ങളായുണ്ടെങ്കിൽ ജാഗ്രതാ സമിതികളുടെ പ്രവർത്തനം ഏറെ തൃപ്തികരമാകും, ലക്ഷ്യം കാണും.

ജാഗ്രതാസമിതികളുടെ പ്രവർത്തനങ്ങൾ കുറ്റമറ്റതാണെങ്കിൽ ബാഹ്യഇടപെടലുകൾക്കുള്ള സാദ്ധ്യത നന്നേ കുറവായിരിക്കും. നിയമം ഋജ്ജുരേഖയിൽ അതിന്റെ വഴിക്ക് സഞ്ചരിക്കും, നിരപരാധികൾ ശിക്ഷിക്കപ്പെടില്ലെന്നു മാത്രമല്ല, കുറ്റവാളികൾ രക്ഷപ്പെടുകയുമില്ല. ആരും പീഡിപ്പിക്കപ്പെടില്ല, കുറ്റകൃത്യങ്ങൾ ആവർത്തിക്കപ്പെടില്ല.

കവിത

## ജീവിക്കാൻ കാരണങ്ങൾ

ആഗ്രഹങ്ങൾ മോഹഭംഗങ്ങളായാൽ
മരിക്കാനല്ല ജീവിക്കാൻ
കാരണങ്ങൾ തേടണം.
നമ്മൾ ആഗ്രഹിക്കുന്നവർക്ക്
നമ്മെ വേണ്ടെങ്കിലും
നമ്മളെ ആഗ്രഹിക്കുന്ന നൂറു നൂറ്
കാരണങ്ങൾ കാണാം...



*Er. ദീപിക ഡി.റ്റി.*
അസിസ്റ്റന്റ്എഞ്ചിനീയർ

# HOW MUCH WE NEED

*Er Thomas Kolanjikombil*
Maramon.

'God does not give wisdom to man to know his own needs' says Leo Tolstoy in his story 'What men live by'.

We all like to feel important, we want to feel valued, to be admired, to win friends and influence people. It's part of being human. Status is something for which we're hard wired. Our instincts drive us to seek our self worth by comparing ourselves to other people, not just anyone but our peers. This 'comparison trap' makes us feel that we haven't enough. For most of us 'the basic survival needs' are more than satisfied. But our needs rising out of 'comparison trap' spin ourselves into the quagmire of greed, gluttony and we end depressed and udervalued.

Money is very important in life. We are conditioned to think that money is the solution to everything in the world. Subconsciously we are in the race of earning more and more money without setting a target. But as human God has set limits to us, there is a limit to the food or the drinks we can enjoy, the sexual or any other pleasures we can indulge with is limited, above all our time in this world is limited. It is upto us to discern these limits and live wisely. This cautious us that there should be a number which is 'enough' for us. It should not happen that we keep on acquiring and later they turn out to be nothing but 'trash' for us. Dalai Lama said "Man sacrifices his health inorder to make money, then he sacrifices money to recuperate his health. He is so anxious about future that he doesn't enjoy the present, the result is that he neither enjoy the present or the future and dies having never lived".

In a world that is over scheduled and over stressed, we have to make 'enough' our focus word of life. This is possible by redefining many meanings. It's not hard, make simple changes in the attitudes. Enough is subjective. It's important, who we allow to define our enough. Define enough by our own needs and hold true to them, without comparison to the outside world.

Most of us are driven by the desire to own enough physical possessions. We spend our days pursuing for the increased personal possessions, both financial and material. There is nothing wrong in it. But unintentionally, we are shifted from the pursuit of enough to the pursuit of excess. We have more than one cell phone, more than one TV, our houses are so large that we seldom use many rooms, etc are to quote few example. Advertisers work relentlessly to stir with in us, the thinking that we do not yet own enough. The hype,

buy one - get one free, entice people to acquire more. We spend our days pursuing this unattainable 'enough'. Once we train ourselves to recognise 'we already have enough', we are freed from the pursuit of more and we are liberated from the bondage of discontent and we begin to experience the true freedom in our lives. When we realise that we already own enough we are free to pursue more worthy endeavours in life.

Minimalism is a life philosophy, owning fewer possessions. It is, intentionally living with things we really need - those items that support our purpose. Thus removing the distraction from excess possessions, so that we can focus more on those things that matters the most. It is freedom from the passion to possess. It is stepping off from the treadmill of consumerism and seek happiness elsewhere. Minimalism emphasis the value simplicity, elegance and remind us to be grateful. (We shall discuss more about it later).

How do we know our needs?. For that instead of looking outside, listen to our inner voice. We can do this by developing a self awareness practice, learning about the 'real we' . Far too often we are wholly unaware of the emotional state we are currently in and to the degree in which it affect our thought process and behaviour. Self awareness is the recognition of one's own emotional state at any point of time. Self awareness is looking to ourselves as honestly as possible. Its a way of introspection, the ability to recognise ourselves as we see ourselves. Self awareness gives explanation to our success/failure and better understanding about our needs.

I shall conclude telling the gist of another story from Leo Tolstoy, 'How much land does a man needs'. The protagonist of the story is a peasant named Pahom, who has great greed for land. No matter how much land he buys, it's never enough and Pahom remains unsatisfied. Pahom sets his eyes on Bashkirs who own huge area of land. They give him an unusual offer. For one thousand Russian rubles, Pahom can have as much of their land that he can walk and mark with a spade, starting from the day break to the sun set. If he could not return to the starting point before sun set, he will lose his money and receive no land. Pahom was very much delighted, by dreaming about the land he is going to grab he had no sleep overnight. Early next morning he started marking the land and by the evening, he realised that he is very far from the starting point. He runs back as fast as he can towards the waiting Bashkirs. He finally arrives at the starting point just as the sun sets. Bashkirs cheer his good fortune, but the exhausted Pahom drops dead. His servants buries him in a grave only 'six feet' long. Thus the author answers the question posed in the title of the story.

**സർവ്വീസ് സ്റ്റോറി - 2**

# ഒരു ഡിസ്കണക്ഷനും ഒരു റീ കണക്ഷനും



*Er. കെ.പി. ഗോപാലകൃഷ്ണൻ*
*ഡെപ്യൂട്ടി ചീഫ് എഞ്ചിനീയർ (റിട്ട.)*

**1995** സെപ്റ്റംബർ, എൻജിനീയേഴ്സ് അസോസിയേഷൻ വാർഷിക സമ്മേളനം അതിഗംഭീരമായി നടത്തി. ബഹു. മന്ത്രി ശ്രീ. ജി. കാർത്തികേയൻ സാറിന്റെയും എം.എൽ.എ. മാരുടെയും പ്രശംസ ഏറ്റുവാങ്ങിക്കൊണ്ട് പത്തനംതിട്ടയിൽ ജോലി നോക്കുന്ന സമയം.

മാത്യു റോയ് സാറിന്റെ ഒരു ഫോൺ കാൾ "നീ ഉടൻതന്നെ കാറുമെടുത്തു ഇങ്ങോട്ടു വരണം"

'എന്താ സാർ എമെർജൻസി ?' 'വന്നിട്ട് പറയാം'; വേഗം കാറുമെടുത്തു തിരുവനന്തപുരത്തു എത്തി, സാറിനെ കണ്ടു. അൽപ്പം ആശങ്കയോടെയാണ് ചെന്നത്. ചില വിജിലൻസ് കേസ് ഇൻക്വിയറി കഴിഞ്ഞതേയുള്ളു .

സാറിനെ കണ്ടു, ഒരു കവർ എടുത്തു തന്നു; "വായിച്ചു നോക്ക്".

തിരുവനന്തപുരം സർക്കിളിലേക്കു ട്രാൻസ്ഫർ; അന്തം വിട്ടുപോയി. പെൻഷൻ ആകാൻ 6 മാസം മാത്രം .

'വല്ലാത്ത അടിയായിപ്പോയല്ലോ സാർ; മോൾ അവിടെ പഠിച്ചുകൊണ്ടിരിക്കയാണ്. മോൾ അവിടെത്തന്നെ പഠിച്ചോട്ടെ, നീ ക്വാട്ടേഴ്സ് വിടേണ്ട. ആവശ്യമുള്ളപ്പോൾ പൊയ്ക്കോളൂ, മന്ത്രിയുടെ താല്പര്യമാണ്. നാളെത്തന്നെ ജോയിൻ ചെയ്യണം. മന്ത്രിയെകൂടി ഒന്ന് കണ്ടിട്ട് പൊയ്ക്കോളൂ.

നേരെ ക്ലിഫ് ഹൗസിൽ എത്തി മന്ത്രി ജി. കാർത്തികേയൻ സാറിനെ കണ്ടു.

'പെൻഷൻ പറ്റാൻ ആറുമാസം കൂടിയേ ഉള്ളൂ'.

'അറിയാം, ഈ ആറുമാസമാണ് ഏറ്റവും പ്രധാനം. പതിനഞ്ചിന പരിപാടി വിജയകരമായി പൂർത്തിയാക്കണം'. പിറ്റേ ദിവസം തന്നെ തിരുവനന്തപുരം സർക്കിളിൽ ചാർജ് എടുത്തു. സർക്കാരിന്റെ പതിനഞ്ചിന പരിപാടി വിജയകരമായി പൂർത്തിയാക്കുകയാണ് മുഖ്യ ഉത്തരവാദിത്വം.

ബഡ്ജറ്റിൽ ഉള്ളതിന്റെ ഇരട്ടി ജോലികൾ മാർച്ച് 31 നകം ചെയ്തു തീർക്കണം; കുടിശ്ശിക മുഴുവൻ പിരിച്ചെടുക്കണം.

അഞ്ചു ഡിവിഷനുകളിലെയും ജീവനക്കാർ എണ്ണയിട്ട യന്ത്രംപോലെ ജോലിയെടുക്കുകയാണ്. കുടിശ്ശിക കിട്ടാനുള്ള തുക മുഴുവൻ പിരിച്ചെടുക്കാൻ ഒരു ക്രാഷ് പ്രോഗ്രാം തന്നെ നടത്തി. 32 സെക്ഷനുകളിൽ 31 സെക്ഷനുകളിലെയും കുടിശ്ശിക പിരിച്ചടുത്തു. കാട്ടാക്കട സെക്ഷനിൽ മാത്രം ഒട്ടും പിരിച്ചെടുക്കാൻ പറ്റുന്നില്ല. അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എൻജിനീയറെയും അസിസ്റ്റന്റ് എൻജിനീയറെയും സബ് എൻജിനീയറന്മാരെയും വിളിപ്പിച്ചു കാരണം അന്വേഷിച്ചു.' വളരെ വിചിത്രമായിരുന്നു അവരുടെ വിശദീകരണം. ഒരു സെന്ററിലെ ഒരു പ്രമുഖ വ്യക്തി കറന്റ്ചാർജ് അടയ്ക്കുന്നതേയില്ല, ഫ്യൂസ് ഊരിയിട്ടും

**തിരുത്ത്**

2023 ഡിസംബർ മാസത്തെ ഹൈഡൽ ബുള്ളറ്റിൽ പേജ് നമ്പർ 28 ൽ പ്രസിദ്ധീകരിച്ചിരുന്ന **'ഒരു പൗരസ്വീകരണവും ഒരു യാത്രയയപ്പും'** എന്ന അനുഭവക്കുറിപ്പ് *Er **കെ.പി. ഗോപാലകൃഷ്ണൻ*** എഴുതിയതാണ്.

എന്നാൽ ഇത് *Er ഗോപാലകൃഷ്ണൻ ആർ.* എന്ന് തെറ്റായി രേഖപ്പെടുത്തിയതിൽ നിർവ്യാജം ഖേദിക്കുന്നു.

*ചീഫ് എഡിറ്റർ*

കഥ

# ഏകാന്തതയുടെ കഥാപുസ്തകം



*Er.* **അനീഷ് ഫ്രാൻസിസ്**
അസിസ്റ്റന്റ് എഞ്ചിനീയർ

**ഒന്ന്**

വളരെ വർഷങ്ങൾക്ക് മുൻപ് എനിക്ക് ഒറ്റ മരങ്ങളുടെ ഫോട്ടോ എടുക്കുക എന്ന വിചിത്രമായ ഒരു ഹോബി ഉണ്ടായിരുന്നു. മലഞ്ചെരിവുകളിൽ, വഴിയോരങ്ങളിൽ, പാടശേഖരങ്ങളിൽ, വനങ്ങളിൽ... ഒറ്റ മരങ്ങൾ തേടി ഞാൻ അലയാത്ത സ്ഥലങ്ങളില്ല.

ഞാൻ കോളേജ് വിദ്യാഭ്യാസം പൂർത്തിയാക്കി ജോലിക്ക് കയറിയ കാലത്തായിരുന്നു ഈ ഹോബിയുടെ തുടക്കം. ശ്വസിക്കുന്ന ഓക്സിജൻ യന്ത്രസംവിധാനം നിർമ്മിക്കുന്ന കമ്പനിയായിരുന്നു എന്റേത്; മെയിന്റനൻസ് എഞ്ചിനീയർ. രോഗികളുടെ വീട്ടിലും ആശുപത്രികളിലും മെഷീൻ സ്ഥാപിക്കണം. പ്രശ്നമുണ്ടായാൽ നന്നാക്കാൻ ചെല്ലണം.

അന്നെന്റെ കയ്യിൽ ഒരു അനലോഗ് ക്യാമറയുണ്ടായിരുന്നു. ഫിലിം ഉപയോഗിച്ച് ഫോട്ടോ എടുക്കുന്ന ക്യാമറ. ഞാൻ താമസിച്ചിരുന്ന ലോഡ്ജിന്റെ തൊട്ടുതാഴെ ഒരു സ്റ്റുഡിയോ ഉണ്ടായിരുന്നു. ഒരു സുഹൃത്തിന്റെ

---

അയാളുടെ വീട്ടിലെ ലൈറ്റുകൾ കത്തുന്നു. അയാൾ തന്നെ ഫ്യൂസ് ഷോർട്ട് ചെയ്തിട്ടു സപ്ലൈ എടുത്തിരിക്കുന്നു .

പിറ്റേ ദിവസം പോസ്റ്റിലെ സർവീസ് വയർ തന്നെ അഴിച്ചുവിട്ടു. അന്നും ആ വീട്ടിൽ ലൈറ്റ് കത്തുന്നു. ഏതോ ലോക്കൽ വയർമാനെ സോപ്പിട്ടു ലൈൻ കണക്ട് ചെയ്തതാണ്. അടുത്തദിവസം അടുത്ത കട്ട് പോസ്റ്റിലെ ജമ്പർ കണക്ഷൻ തന്നെ അഴിച്ചു മാറ്റി . അന്നും ആവീട്ടിലെ ലൈറ്റുകൾ കത്തി. അടുത്ത വീട്ടിലെ സ്വന്തക്കാരന്റെ സ്വിച്ചിൽ നിന്ന് 100 മീറ്റർ വയർ വലിച്ചു സപ്ലൈ എടുത്തിരിക്കുന്നു.

അയാളെ ഒന്നും ചെയ്യാൻ പറ്റില്ല സാർ, മന്ത്രിയുടെ സ്വന്തം ആൾ ആണ്; ആ അഹങ്കാരമാണ്. ജീവനക്കാർക്കെല്ലാം ഭയമാണ്. AEE നിസ്സഹായാവസ്ഥ തുറന്നു പറഞ്ഞു. കാർത്തികേയൻ സാറിനെ കണ്ടു വിവരം പറഞ്ഞു .

"സാർ, അയാളുടെ സപ്ലൈ കളയാത്തതുകൊണ്ട് മറ്റുള്ളവരും കറന്റു ചാർജ് അടയ്ക്കുന്നില്ല... സാറിന്റെ പാർട്ടിയുടെ വലിയ ലോക്കൽ നേതാവായതുകൊണ്ടു ജീവനക്കാർക്കും പേടിയാണ്.

" നാളെത്തന്നെ ഡിസ്ക്കണക്ട് ചെയ്യണം, ഒരു എതിർപ്പും ഉണ്ടാവില്ല". പിറ്റേ ദിവസം തന്നെ ഡിസ്കണക്ട് ചെയ്തു, 11 മണിയായപ്പോൾ അയാൾ എന്റെ ഓഫീസിൽ വന്നു. വല്യക്ഷീണം ആയിപ്പോയി സാർ.

താങ്കൾ തന്നെയല്ലേ ഈ ക്ഷീണം വരുത്തി വച്ചത്, രണ്ടു മണിക്ക് മുൻപ് പൈസ മുഴുവൻ അടച്ചാൽ കണക്ഷൻ കിട്ടും. അങ്ങിനെതന്നെ ചെയ്യാം സാർ. കാർത്തികേയൻ സാറിനെ ഈ കാര്യം അറിയിക്കല്ലേ സാർ.

സാർ അറിഞ്ഞു കഴിഞ്ഞു. ഇനിയെങ്കിലും സാറിനും പാർട്ടിക്കും പേരുദോഷം ഉണ്ടാക്കാതെ മാന്യമായി ജീവിക്കാൻ നോക്ക്.

അങ്ങിനെ ചെയ്യാം സാർ , വളരെ നന്ദിയുണ്ട് സാർ .

സ്റ്റുഡിയോ ആയിരുന്നതിനാൽ ഫിലിം പ്രിന്റ് അവരുടെ ഡാർക്ക് റൂമിൽ കഴുകിയെടുക്കാൻ സൗകര്യം ഉണ്ടായിരുന്നു. ഇപ്പോഴും ആ ഉച്ചനേരം ഓർമ്മയുണ്ട്. നഗരത്തിൽ നിന്ന് അൽപ്പം അകലെയുള്ള ഒരു വീട്ടിൽ ഓക്സിജൻ മെഷീൻ കേടായി എന്ന ഫോൺ വന്നു. ഒട്ടും നേരം കളയാതെ ഞാൻ അങ്ങോട്ട് പോയി.

മങ്ങിയ ചുവപ്പ് പെയിന്റടിച്ച ഒരു മതിൽ. അതിനുള്ളിൽ ഒരു ചെറിയ വീട്. മതിലിനോട് ചേർന്ന് ചുവന്ന പൂക്കൾ നിറച്ചു പൂത്ത രണ്ടു വലിയ ബോഗൻവില്ലകൾ വളർന്നു നിന്നു. ബോഗൻ വില്ലയും മതിലും കാരണം പുറത്തു നിന്ന് നോക്കിയാൽ ആ വീട് കാണാൻ സാധിക്കില്ല. 'ചിത്രകല പഠിപ്പിക്കും' എന്നെഴുതിയ ഒരു വുഡൻ ബോർഡ് മതിലിനു മുകളിൽ ഉണ്ടായിരുന്നു. വിശാലമായ മുറ്റത്ത് ഒരു വാകമരം ഉയർന്നു നിന്നു. അതിന്റെ ശിഖരങ്ങൾ മുറ്റമാകെ തണൽ പടർത്തിയിട്ടുണ്ട്.

ഡോർ ബെല്ലടിച്ചു.

ആരും ഇറങ്ങി വന്നില്ല.

ഒന്നും കൂടി ബെല്ലടിച്ചപ്പോ അകത്തു നിന്ന് ഒരു വൃദ്ധന്റെ ശബ്ദം കേട്ടു.

'കയറിപ്പോരൂ'.

പാതി ചാരിയ സ്വീകരണമുറിയുടെ വാതിൽ തുറന്നു ഞാൻ അകത്തേക്ക് കയറി.

ടൈം ട്രാവൽ നടത്തി, പത്തു മുപ്പതു കൊല്ലം പിറകിലേക്ക് പോയപോലെ എനിക്ക് തോന്നി. എൺപതുകളിലെ ഏതോ വീട്ടിൽ ചെന്ന് കയറിയ പ്രതീതി.

പ്ലാസ്റ്റിക്ക് വള്ളികൾ വരിഞ്ഞ രണ്ടു വട്ടക്കസേരകൾ, പഴയ മോഡൽ തടിമേശ, സി.എഫ്.എല്ലിനു മുൻപുണ്ടായിരുന്ന വലിയ ലൈറ്റ് ബൾബ്..

'ഇങ്ങോട്ട് കേറിപ്പോര്'. അകത്തെ മുറിയിൽ നിന്ന് വൃദ്ധൻ വീണ്ടും വിളിച്ചു.

മുറിയിലേക്ക് കയറുന്നതിനു മുൻപ് ഞാൻ ഭിത്തിയിലേയ്ക്ക് പാളി നോക്കി.

തൊണ്ണൂറ്റി രണ്ടിലെ കലണ്ടറാണ് ഭിത്തിയിൽ തൂങ്ങിക്കിടക്കുന്നത്. ഭിത്തിയിൽ വേറെ ആകെയുള്ളത് ഒരു പെയിന്റിംഗാണ്. എ ഫോർ സൈസ് പേപ്പറിനേക്കാൾ അല്പം കൂടി വലിപ്പമുള്ള ചെറിയ പെയിന്റിംഗ്. ചിത്രം ശരിക്ക് കാണാൻ ഞാൻ ഭിത്തിയുടെ അടുത്തു ചെന്നു.

ആറോ ഏഴോ വയസ്സ് തോന്നിക്കുന്ന ഒരു ബാലിക വൃക്ഷത്തണലിൽ ഇരിക്കുന്ന ചിത്രമായിരുന്നു അത്, ഒപ്പം ഒരു പൂച്ചയും. വൃക്ഷ ത്തിന്റെ ചുവട്ടിൽ ഒരു ഉരുളൻപാറയിൽ ചാരിയിരുന്നു എന്തോ വായിക്കുകയാണ് ആ പെൺകുട്ടി. അവൾക്കരികിൽ ഓലപ്പുല്ലിൽ കളിക്കുകയാണ് പൂച്ച. ഒരു മലയുടെ താഴ്വരയിലാണ് പെയിന്റിംഗിന്റെ കേന്ദ്രമായ ഈ ഒറ്റമരവും അതിനു ചുവട്ടിലിരിക്കുന്ന പെൺകുട്ടിയും. കുറച്ചു മാറി മരക്കൂട്ടങ്ങൾക്കിടയിൽ വളഞ്ഞു പുളഞ്ഞു കിടക്കുന്ന ചെമ്മൺ പാതയിലൂടെ ഒരു മനുഷ്യൻ ബാഗും തൂക്കി അവരുടെയരികിലേയ്ക്ക് വരുന്നത് കാണാം. എന്നാൽ അയാളുടെ മുഖം വ്യക്തമല്ല. അങ്ങിനെയൊരാൾ അവിടേയ്ക്ക് വരുന്നത് ഒറ്റ നോട്ടത്തിൽ അറിയാൻപോലും കഴിയില്ല. ആ മനുഷ്യൻ ഒരു പൊട്ടു പോലെയാണ് തോന്നിക്കുന്നത്.

അകത്ത് നിന്ന് വൃദ്ധന്റെ ചുമ കേട്ടതോടെ ഞാൻ പെയിന്റിംഗ് വിട്ടിട്ട് മുറിക്കുള്ളിലേയ്ക്ക് കയറി.

തടിക്കട്ടിലിൽ കമ്പിളിപ്പുതപ്പ് കഴുത്തറ്റം പുതച്ചു ഒരു വൃദ്ധൻ കിടക്കുന്നു. അദ്ദേഹത്തിന്റെ കട്ടിലിന്റെ അരികിൽ ഒരു തടിമേശയിൽ കാപ്പി നിറച്ച ഒരു ഗ്ലാസ് ഫ്ളാസ്ക്ക്.

ഫ്ളാസ്ക്കിനരികിൽ അടുക്കിവച്ചിരിക്കുന്ന കുട്ടികളുടെ കഥാപുസ്തകങ്ങളുടെ ഒരു വലിയ കെട്ട്. ബാലരമയും, പൂമ്പാറ്റയും, കുട്ടികളുടെ ദീപികയും ഒക്കെയുണ്ട്. രാധയെയും രാജൂവിനെയും തോളിലിരുത്തി പറക്കുന്ന മായാവിയുടെ കവർചിത്രമുള്ള ബാലരമയാണ് ഏറ്റവും മുകളിൽ ഇരിക്കുന്നത്.

കട്ടിലിന്റെ ക്രാസിയിൽ രണ്ടു തലയിണകൾക്കിടയിൽ തല ചായിച്ചു വച്ചാണ് വൃദ്ധൻ കഥാപുസ്തകം വായിക്കുന്നത്. മഞ്ഞുപോലെ നരച്ചമുടി. നീണ്ട താടി. പുസ്തകം വായിക്കുന്നതിനിടെ വൃദ്ധൻ എന്നെ കണ്ണടയുടെ മുകളിലൂടെ പാളി നോക്കി.

രണ്ടു ദിവസമായിട്ട് ആ മെഷീനിൽ നിന്ന് എന്തോ ഒരു സൌണ്ട് കേൾക്കുന്നുണ്ട്. ഇടയ്ക്കിടെ നിന്ന് പോകുന്നുമുണ്ട്.'

വൃദ്ധൻ തല ചരിച്ച് യന്ത്രത്തിലേക്ക് നോക്കി പറഞ്ഞു.

'ശരി ചേട്ടാ, ഞാൻ നോക്കിക്കൊള്ളാം'. ഞാൻ പറഞ്ഞു.

ഞാനൊട്ടും സമയം കളയാതെ ടൂൾ കിറ്റ് തുറന്നു റിപ്പയറിംഗ് ആരംഭിച്ചു. വൃദ്ധൻ ബാലരമ വായിക്കുന്നത് തുടർന്നു.

'ഇവിടെ കാപ്പിയോ ചായയോ തരാൻ ആരുമില്ല. ട്രീസ പള്ളിയിലേക്ക് പോയി.വരാൻ കുറച്ചു സമയം എടുക്കും.' വൃദ്ധൻ ഇടയ്ക്ക് പറഞ്ഞു.

'ട്രീസ ..മോളാണോ ?'

'അല്ല. ഹോം നഴ്സാണ്. പക്ഷേ മോളെപ്പോലെയാണ്.' വൃദ്ധൻ പുഞ്ചിരിച്ചുകൊണ്ട് പറഞ്ഞു.

വൃദ്ധൻ പുസ്തകം മാറ്റിവച്ചു,ഞാൻ മെഷീൻ ശരിയാക്കുന്നതും നോക്കിക്കിടന്നു. ഇതിനിടയിൽ ഞങ്ങൾ സംസാരിച്ചു. ഫാമിലിയെക്കുറിച്ച് ചോദിച്ചപ്പോൾ മാത്രം വൃദ്ധന്റെ മുഖം വാടി.

'തനിച്ചാണ്.. കുറച്ചു വർഷങ്ങളായി.' അത്ര മാത്രമേ അദ്ദേഹം പറഞ്ഞുള്ളൂ.

മുക്കാൽ മണിക്കൂറു പണിതു കഴിഞ്ഞപ്പോൾ ഓക്സിജൻ മെഷീൻ ശരിയായി. ഞാൻ വൃദ്ധനെ മെഷീൻ പ്രവർത്തിപ്പിച്ചു കാണിച്ചു. അദ്ദേഹത്തിനു തൃപ്തിയായി.

'എന്തെങ്കിലും പ്രശ്നം ഉണ്ടെങ്കിൽ എന്നെ വിളിച്ചാൽ മതി.' ഞാൻ പറഞ്ഞു. എന്നിട്ട് എന്റെ പേരും ഫോൺ നമ്പരും ഉള്ള കമ്പനിയുടെ കാർഡ് അദ്ദേഹത്തിന് നൽകി.

'കുറച്ചു നേരം കൂടി വെയിറ്റ് ചെയ്യൂ. ട്രീസ ഇപ്പോൾ വരും. കാപ്പി കുടിച്ചിട്ട് പോയാൽ മതി.' അയാൾ പറഞ്ഞു.

'ഇല്ല . വേറെ ഒന്ന് രണ്ടു സ്ഥലങ്ങളിലും കൂടി കംപ്ലെയിന്റ് നോക്കാനുണ്ട്.'

'ശരി.'

വൃദ്ധൻ വീണ്ടും കണ്ണാടി എടുത്തു നേരെ വച്ച് കഥാപുസ്തകം വായിക്കാൻ തുടങ്ങി.

'അങ്കിൾ ബാലരമ, പൂമ്പാറ്റ ഫാൻ ആണോ?' ഞാൻ ടൂൾസ് അടുക്കുന്നതിനിടയിൽ ചോദിച്ചു.

വൃദ്ധൻ പുസ്തകം നെഞ്ചിലേക്ക് വച്ചിട്ട് എന്നെ നോക്കി ചിരിച്ചു.

'എനിക്കോർമ്മക്കുറവുണ്ട്.' അദ്ദേഹം പറഞ്ഞു.

'ഓർമ്മക്കുറവ് എന്നല്ല. ഓർമ്മ തീരെ ഇല്ല എന്ന് പറയാം. പക്ഷേ ഈ കഥാപുസ്തകങ്ങൾ വായിക്കുമ്പോൾ എനിക്ക് ഓർമ്മ തിരിച്ചു വരും. അതും നല്ല തെളിച്ചമുള്ള ഓർമ്മകൾ.'

വൃദ്ധൻ ഒരു ശിശുവിനെപ്പോലെ ചിരിച്ചു.

'എനിക്കും കഥാപുസ്തകങ്ങൾ വലിയ ഇഷ്ടമാണ്. പഴയ ബാലരമയും പൂമ്പാറ്റയും ഒക്കെ തിരഞ്ഞുനടക്കാത്ത സ്ഥലങ്ങളില്ല.

'ആണോ.. ട്രീസ പറഞ്ഞിട്ടുണ്ട്. പഴയ കഥാ പുസ്തകങ്ങൾക്ക് നല്ല വില കിട്ടുമെന്ന്. അവൾക്കത് ഇഷ്ടമല്ല. ആർക്കെങ്കിലും കൊടുത്താൽ മുറിക്കുള്ളിൽ കുറച്ചു വായുകേറുമെന്ന് അവൾ തമാശയായി പറയും'.

'അങ്കിൾ ഇത് വിൽക്കുന്നുണ്ടോ ?' ഞാൻ ചോദിച്ചു.

'സോറി.' വൃദ്ധൻ എന്നെ ദു:ഖപൂർവ്വം നോക്കി.

'ഇതെന്റെ മോളുടെയാണ്. അതുകൊണ്ട് എനിക്കിത് വേറെ ഒരാൾക്ക് കൊടുക്കാൻ കഴിയില്ല.' അദ്ദേഹം പറഞ്ഞു. ഞാൻ മോളെക്കുറിച്ച് ചോദിയ്ക്കാൻ തുടങ്ങി. പിന്നെ വേണ്ടെന്നു വച്ചു.

അങ്കിൾ പെയിന്റർ ആണല്ലേ?

ഞാൻ ചോദിച്ചു.

പണ്ട്..പണ്ട് ചെയ്യുമായിരുന്നു. ഇപ്പോഴില്ല. ഈ കഥാപുസ്തകങ്ങളിലെ ചിത്രങ്ങൾ എന്റെ മകളും ഞാനുംകൂടി പണ്ട് വരയ്ക്കുമായിരുന്നു.

ഞാൻ പിന്നെ കൂടുതൽ ചോദിച്ചില്ല.

ഇടയ്ക്ക് ഇവിടെ വരൂ.. ഇവിടെ ഇരുന്നു ഈ കഥാപുസ്തകങ്ങൾ വായിക്കാം. എന്തെങ്കിലും ഒക്കെ സംസാരിക്കുകയും ചെയ്യാമല്ലോ..

അദ്ദേഹം പറഞ്ഞു.

ശരി;തീർച്ചയായുംവരാം. ഞാൻ പറഞ്ഞു.

ട്രീസ വരുമ്പോൾ ഞാൻ നിങ്ങളുടെ കാര്യം പറയും. എന്റെ കഥാപുസ്തകങ്ങൾ ഇഷ്ടപ്പെടുന്ന ഒരാൾകൂടിയുണ്ടെന്ന്, അവൾ അറിയട്ടെ, ഇറങ്ങാൻ നേരം അദ്ദേഹം ചിരിച്ചുകൊണ്ട് പറഞ്ഞു.

മുറ്റത്ത് ഇറങ്ങി ബൈക്ക് സ്റ്റാർട്ട് ചെയ്യാൻ ഒരുങ്ങുന്നതിനിടെ ഞാൻ സുന്ദരമായ ഒരു കാഴ്ച കണ്ടു.

അൽപ്പം അകലെ കുന്നിൻ മുകളിൽ ഒരു പള്ളി. കുന്നിൽ നിന്ന് വളഞ്ഞു പുളഞ്ഞു താഴേക്ക് ഒരു ചെമ്മൺപാത. പള്ളിയിൽ നിന്ന് അകന്നു മാറി കുന്നിൻ മുകളിൽ ഒരു ഒറ്റ മരം. വൃദ്ധന്റെ വീട്ടിലെ പെയിന്റിംഗിലുള്ള ഒറ്റമരം തന്നെയായിരുന്നു അത്. ശിഖരങ്ങൾ കുട പോലെ പടർത്തി തനിച്ചു നിൽക്കുന്ന ആ മരം കണ്ടപ്പോൾ ഉള്ളിൽ കാരണമില്ലാത്ത ഒരു ദു:ഖം തോന്നി. ആ വൃദ്ധൻ ഇടയ്ക്കിടെ ഈ കാഴ്ച കാണുന്നുണ്ടാകുമോ? ഞാൻ ബൈക്കിലെ ബാഗിൽ സൂക്ഷിച്ചിരുന്ന ക്യാമറ എടുത്ത് ആ ഒറ്റമരത്തിന്റെ ചിത്രം പകർത്തി. ക്യാമറയിലൂടെ ആ മരം ഫോക്കസ് ചെയ്യുമ്പോൾ അഭൌമമായ എന്തോ ഒന്ന് കാണുന്നതുപോലെ എനിക്ക് തോന്നി. മനസ്സ് തുടിച്ചു. എന്റെ പ്രിയപ്പെട്ട അനലോഗ് ക്യാമറയിൽ പകർത്തിയ അവസാനത്തെ ചിത്രമായിരുന്നു അത്.

പിന്നീട് പലപ്പോഴും ഞാൻ വൃദ്ധന്റെ വീടിനു മുൻപിലൂടെ യാത്ര ചെയ്തു. എന്നാൽ ഒരിക്കൽപോലും അദ്ദേഹത്തിനെ കാണാൻ എനിക്ക് കഴിഞ്ഞില്ല. സമയമായിരുന്നു പ്രധാന പ്രശ്നം. ഞാൻ ഒരു തീവ്ര പ്രണയത്തിൽ അകപ്പെട്ടിരുന്നു; ഒപ്പം ജോലിയുടെ തിരക്കും. മനസ്സ് നിശ്ശബ്ദത എന്തെന്ന് മറന്നുപോയ യുവത്വത്തിന്റെ ദിവസങ്ങളായിരുന്നു അത്. എങ്കിലും അന്നത്തെ ആ ഉച്ചനേരം ഇടയ്ക്കിടെ ഞാൻ ഓർക്കുമായിരുന്നു. കഴുത്തു വരെ പുതച്ചു മൂടിക്കിടന്നു കഥാപുസ്തകങ്ങൾ വായിക്കുന്ന വൃദ്ധനും, കുന്നിൻ മുകളിൽ മേഘങ്ങൾ നോക്കി നിൽക്കുന്ന ഒറ്റമരവും ഉള്ളിൽ ഒരു പെയിന്റിംഗ് പോലെ പതിഞ്ഞിരുന്നു.

എല്ലാ നല്ല പ്രണയങ്ങളിലും സംഭവിക്കുന്നതുപോലെ ഞങ്ങളുടെ ബന്ധവും അതിന്റെ സന്ധ്യയിലെത്തി. പക്ഷേ ഞങ്ങൾ

പിരിഞ്ഞത് ഒരു ഉച്ചനേരത്താണ്. ചെടികൾ ഉണങ്ങി നിൽക്കുന്ന മുൻസിപ്പൽ പാർക്കിൽ.

അവൾ എന്നോട് ഒന്നും പറഞ്ഞില്ല, ഞാനും. ഞങ്ങൾ പതിവായി ഇരിക്കുന്ന സിമന്റ് ബഞ്ചിനരികിൽ ആരോ ഉപേക്ഷിച്ച പെപ്സിയുടെ ഒരു  ബോട്ടിൽ കിടപ്പുണ്ടായിരുന്നു. ഞാൻ അതും നോക്കിയിരുന്നു.

'വയസ്സാകുമ്പോൾ ഇതൊക്കെ  ഒരു ബാലരമ കഥപോലെ തോന്നുമായിരിക്കാം, അല്ലെ..' അവൾ ചോദിച്ചു.

പെട്ടെന്ന് ഞാനാ വൃദ്ധനെ ഓർത്തു. ഏറെക്കാലത്തിനു ശേഷമാണ് ഞാൻ അയാളെ ഓർക്കുന്നത്. എനിക്ക് വല്ലാത്ത കുറ്റബോധം തോന്നി.

ഇറങ്ങുന്നതിനു മുൻപ് അവൾ പെപ്സിയുടെ ബോട്ടിൽ റോഡരികിലെ വേസ്റ്റ് ബാസ്ക്കറ്റിലേക്ക് എറിഞ്ഞു കളഞ്ഞു.എന്നിട്ട് എന്നെ ചുംബിച്ചു.

പാർക്കിൽ നിന്ന് തിരിച്ചുപോരുമ്പോൾ ഞാൻ വൃദ്ധന്റെ വീടിനരികിലൂടെയുള്ള വഴിയിലൂടെയാണ് പോയത്. ഇന്നെങ്കിലും അദ്ദേഹത്തെ കാണണമെന്നു ഞാൻ ഉറപ്പിച്ചിരുന്നു. എന്നാൽ മഴ കാരണം യാത്ര ഇടയ്ക്ക് വച്ച് നിർത്തേണ്ടി വന്നു. നിർത്താതെ പെയ്യുന്ന മഴ. ഞാൻ ബൈക്ക്  വഴിയരികിൽ ഒതുക്കി ഒരു കടയുടെ മുൻപിൽ കയറി നിന്നു. ഏറെ നാളുകൾക്ക് ശേഷം എന്റെ മനസ്സ് നിശബ്ദമായി. മഴ നോക്കി നിൽക്കെ ഞാൻ വീണ്ടും ഒരു പെപ്സി ബോട്ടിൽ കണ്ടു. റോഡരികിലെ ഓടയിലെ വെള്ളത്തിലൂടെ ഒഴുകിപോകുന്ന പെപ്സി ബോട്ടിൽ. ജീവിതം ചിലപ്പോൾ നമ്മളോട് രഹസ്യമായി സംസാരിക്കും. കരയുന്ന  കൊച്ചുകുട്ടിയെ ആശ്വസിപ്പിക്കുന്നതുപോലെ കാഴ്ചകൾ ചൂണ്ടിക്കാട്ടി ആശ്വസിപ്പിക്കും. അത്തരമൊരു കാഴ്ചയായിരുന്നു അത്.

കടയുടെ മുൻപിൽ നിൽക്കുമ്പോൾ ദൂരെയുള്ള കുന്നിൻമുകളിലെ പള്ളിയും അങ്ങോട്ടുള്ള വളഞ്ഞുപുളഞ്ഞു കിടക്കുന്ന പാതയും കാണാമായിരുന്നു. ഏതാനും ആളുകൾ മഴയത്ത് കുടകൾ ചൂടി പള്ളിയിലേക്ക് നടന്നുപോകുന്നത് ഞാൻ കണ്ടു. കറുത്ത കുടകൾക്ക് പിന്നാലെ ഒരു ശവമഞ്ചവും കുന്നിൻ മുകളിലേക്ക് കയറി. വെളുത്ത പുകമറയിൽ അവ്യക്തമായ ഒരു കാഴ്ചയായിരുന്നു അത്. മങ്ങിയ സ്വപ്നം പോലൊരു കാഴ്ച.

മഴ മാറിയപ്പോൾ ഞാൻ വീണ്ടും യാത്ര തുടർന്നു. വൃദ്ധന്റെ വീടെത്തിയപ്പോൾ ബൈക്ക് നിർത്തി. വീട് അടഞ്ഞു കിടന്നു. ചിത്രകല പഠിപ്പിക്കും എന്നെഴുതിയ ബോർഡിനു മുകളിൽ ഒരു കറുത്ത കൊടി കെട്ടിയിരിക്കുന്നു. മതിലിനരികിൽ ബോഗൻ വില്ലയിലെ ചുവന്ന പൂക്കൾ മഴ നനഞ്ഞു കിടന്നു.

അന്ന് വീട്ടിലെത്തിയപ്പോൾ ഞാൻ പണ്ടെടുത്ത ആ ചിത്രത്തിന്റെ നെഗറ്റീവ് എടുത്തു. അന്ന്, ആ ഉച്ച നേരത്ത് ആ ചിത്രം എടുത്തപ്പോൾ തോന്നിയ അതെ വികാരം എനിക്ക് വീണ്ടും ഉണ്ടായി. അഭൌമമായ എന്തോ ഒന്ന് ആ  ചിത്രത്തിൽ ഉള്ളതുപോലെ എനിക്ക്  വീണ്ടും തോന്നി. കറുപ്പിലും വെളുപ്പിലും പെയിന്റ് ചെയ്ത, സ്പർശിക്കാവുന്ന  ഒരു സ്വപ്നമായിരുന്നു ആ  നെഗറ്റീവ്. കുന്നിൻ മുകളിൽ ഉയർന്നു നിൽക്കുന്ന ആ ഒറ്റമരത്തിലേക്ക് ഞാൻ ഏറെനേരം നോക്കിയിരുന്നു.  അത് നോക്കിയിരിക്കുംതോറും മനസ്സിൽ വല്ലാത്തൊരു ആശ്വാസം നിറഞ്ഞു. ഒറ്റ മരങ്ങളെ തേടിയുള്ള യാത്ര ആ നിമിഷമാണ് ഞാൻ ആരംഭിച്ചത്.

*(തുടരും...)*

ഗാനമാധുരി - 12

സർപ്പ സംഗീതം - ഭാഗം മൂന്ന്

# കേരള നാഗാരാധനയിലെ സംഗീതം- നാഗതെയ്യവും പുള്ളുവൻ പാട്ടും



*Er പി.വി. പ്രമോദ്*
അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ

**ആ**ദിമകാലത്ത് കേരളം സർപ്പങ്ങളുടെ വിഹാരഭൂമിയായിരുന്നു. മലയും കല്ലിടുക്കുകളും കുറ്റിക്കാടുകളും നിറഞ്ഞ ഭൂപ്രകൃതിയുള്ള കേരളദേശം സർപ്പങ്ങൾക്ക് സുഖവാസമൊരുക്കി. ഇതുകൊണ്ടാവാം കേരളത്തെ അഹിഭൂമി (സർപ്പങ്ങളുടെ നാട്) എന്നും പശ്ചിമഘട്ടത്തെ സഹ്യാദ്രി (സ+ അഹി + അദ്രി = സർപ്പങ്ങൾ നിറഞ്ഞ പർവ്വതം) എന്നും ആര്യൻമാർ വിശേഷിപ്പിച്ചത്.

വിഷസർപ്പങ്ങളോടുള്ള ഭയം കേരളത്തിൽ അനുഷ്ഠാനങ്ങളായും പിന്നെ നാഗാരാധനയായും രൂപപ്പെട്ടു. ഭാരതത്തിൽ തന്നെ സർപ്പാരാധന ഏറ്റവും വ്യാപകമായ പ്രദേശം കേരളമാണ്. സർപ്പങ്ങളെ വൃക്ഷ നിബിഢമായ കാവുകളിൽ കുടിയിരുത്തി ആരാധിക്കുന്നത് കേരളത്തിന്റെ മാത്രം സവിശേഷതയാണ്.

### സർപ്പാരാധനയുടെ ഐതിഹ്യം

ഐതിഹ്യത്തിലെ കേരളസ്രഷ്ടാവായ പരശുരാമൻ തന്നെയാണ് കേരളത്തിലെ നാഗാരാധനയുടെയും തുടക്കം കുറിച്ചതെന്നാണ് ഐതിഹ്യം. താൻ സൃഷ്ടിച്ച കേരളദേശത്ത് പരശുരാമൻ അന്യദേശങ്ങളിൽ നിന്നും ആളുകളെ (ബ്രാഹ്മണരെ) കൊണ്ടുവന്നു പാർപ്പിച്ചു. എന്നാൽ ജലത്തിലെ ലവണാംശവും സർപ്പശല്യവും ഇവർക്ക് ബുദ്ധിമുട്ട് സൃഷ്ടിച്ചു. തുടർന്ന് പരശുരാമൻ നാഗശ്രേഷ്ഠരായ അനന്തനെയും വാസുകിയെയും പ്രത്യക്ഷപ്പെടുത്തി സർപ്പങ്ങൾക്ക് പ്രത്യേക വാസസ്ഥാനം നൽകി പൂജിക്കാമെന്ന് ഉറപ്പുകൊടുത്തു. അപ്പോൾ സർപ്പങ്ങൾ ഉച്ഛ്വാസവായു കൊണ്ട് ജലത്തിലെ ലവണാംശം മാറ്റിയെന്നാണ് ഐതിഹ്യം.

പരശുരാമന്റെ നിർദ്ദേശത്തിൽ സർപ്പങ്ങൾക്കായി പ്രത്യേകം മാറ്റിവച്ച മനുഷ്യ പെരുമാറ്റമില്ലാത്തതും പണിയായുധങ്ങൾ പ്രയോഗിക്കാത്തതും തീയിടാത്തതുമായ സ്ഥലത്ത് വൃക്ഷലതാദികളും സർപ്പങ്ങൾ ഉൾപ്പെടെയുള്ള ജീവജാലങ്ങളും സ്വതന്ത്രമായി വളർന്ന് അവ സർപ്പക്കാവുകളായി പരിണമിക്കുകയായിരുന്നുവത്രെ.

### സർപ്പക്കാവുകൾ

സർപ്പാരാധനയ്ക്കായി പ്രത്യേകം മാറ്റിവച്ചതും വൃക്ഷലതാദികളും ജീവികളുമെല്ലാം സ്വതന്ത്രമായി വളരുന്നതുമായ നിബിഢവും ഹരിതാഭവുമായ സ്ഥലമാണ് സർപ്പക്കാവുകൾ. ദൈവീകപരിവേഷം നൽകി സർപ്പങ്ങളെ കല്ലിലോ ലോഹത്തിലോ ആണ് കാവുകളിൽ പ്രതിഷ്ഠിച്ചിരുന്നത്. കേരളത്തിലെ പ്രധാന നാഗ ദൈവങ്ങൾ അനന്തൻ, വാസുകി, നാഗരാജാവ്, നാഗയക്ഷി,



സർപ്പക്കാവ്

നാഗചാമുണ്ഡി, അഞ്ചലമണിനാഗം, സർപ്പ യക്ഷി എന്നിവയാണ്.

കേരളത്തിലെ ഏറ്റവും പ്രശസ്തവും വലുതുമായ സർപ്പക്കാവുകൾ ആലപ്പുഴ ഹരിപ്പാടിനടുത്തുള്ള മണ്ണാറശ്ശാലയും തൃശൂർ മാളയ്ക്കടുത്തുള്ള പാമ്പുമേക്കാട്ടുമാണ്. കേരളത്തിലെ പല ക്ഷേത്രങ്ങളിലും സർപ്പ ക്കാവുകളുണ്ട്.

പഴയ തറവാടുകളോടു ചേർന്നു സർപ്പക്കാവുകൾ ഉണ്ടായിരുന്നു. തറവാടു കളിൽ തെക്കുപടിഞ്ഞാറ് ഭാഗത്താണ് കാവുകൾ കാണപ്പെട്ടിരുന്നത്. ഇവയിലെ പ്രതിഷ്ഠ കിഴക്കോ പടിഞ്ഞാറോ മുഖമായിട്ടാ യിരിക്കും. ത്രിസന്ധ്യ നേരത്ത് തറവാട്ടിലെ കന്യകമാർ കാവിൽ നിത്യേന വിളക്കു വെക്കുന്ന പതിവുണ്ടായിരുന്നു.

സർപ്പക്കാവുകൾ അശുദ്ധമാക്കുകയോ വെട്ടിമാറ്റുകയോ തീയിടുകയോ നാഗാരാധന നടത്താതെ വെറുതെ ഇടുകയോ ചെയ്താൽ സർപ്പകോപമുണ്ടായി കുടുംബ പരമ്പരകൾക്ക് തീരാവ്യാധി നൽകുമെന്നാണ് വിശ്വാസം. ചില പ്രത്യേക സാഹചര്യങ്ങളിൽ സർപ്പക്കാവുകൾ നിലനിർത്താനാകാതെ വരുമ്പോൾ സർപ്പ ദൈവങ്ങളെ മറ്റെവിടെയെങ്കിലും കുടിയിരു ത്തും. ഇത് കാവുമാറ്റം എന്ന ചടങ്ങിലൂടെ യാണ് സാധ്യമാക്കിയിരുന്നത്.

ഒരു നൂറ്റാണ്ട് മുമ്പ് കേരളത്തിൽ ഏകദേശം 1500 സർപ്പക്കാവുകൾ ഉണ്ടായിരു ന്നുവെന്നാണ് നിഗമനം. കാലാന്തരത്തിൽ ഇവയുടെ എണ്ണം വളരെ കുറഞ്ഞു. എങ്കിലും നിലനിൽക്കുന്ന കാവുകൾ ഇക്കാലത്തും പഴമയുടെ പാരമ്പര്യം പുലർത്തി സ്ഥിതി ചെയ്യുന്നു. വായുമലിനീകരണം തടഞ്ഞ് പ്രകൃതിയുടെ പാരിസ്ഥിതിക സന്തുലിതാ വസ്ഥ നിലനിർത്തുന്ന പച്ചത്തുരുത്തുകളും, ഹരിതകുഞ്ജങ്ങളും എന്നീ പരിഗണനയിൽ അവിശ്വാസികളായ പ്രകൃതിസ്നേഹികളും സർപ്പക്കാവുകൾക്ക് പ്രാധാന്യം നൽകുന്നു.

**ചിത്രകൂടം**

സർപ്പക്കാവുകളിൽ ദേവതാ സങ്കൽ പ്പത്തിൽ ഗണിക്കപ്പെടുന്ന നാഗത്തെ കുടിയിരു ത്തുന്ന പ്രതിഷ്ഠ അഥവാ സർപ്പഗൃഹമാണ് ചിത്രകൂടം. നിശ്ചിത അളവുകളിൽ ഗോപുരാ കൃതിയിൽ വാസ്തു ശാസ്ത്രപരമായിട്ടാണ് ഇവയുടെ നിർമ്മാണം. ആധാരശില, മധ്യശില, കുട, സ്തൂപിക എന്നീ പ്രത്യേകം രൂപകൽപന ചെയ്ത നാലു കല്ലുകൾ കൊണ്ടുള്ള ഭാഗങ്ങളാണ് ചിത്രകൂടത്തിനുള്ളത്. മധ്യശില യുടെ അകം പൊള്ളയാണ്. മധ്യശിലകളിലും അടിഭാഗത്തും നാഗങ്ങളുടെ സഞ്ചാരത്തിനു വേണ്ടി ഓരോ കവാടമുണ്ടാകും. ഉള്ളിലെ കവാടദ്വാരത്തിന് യോഗനാളം എന്നു പറയു ന്നു. ചിത്രകൂടത്തിന്റെ മുകൾഭാഗം പിരമിഡ് അല്ലെങ്കിൽ ശിവലിംഗ ആകൃതിയിൽ ആയിരി ക്കും. വെട്ടുകല്ലാണ് സാധാരണ ചിത്രകൂടം നിർമ്മിക്കാൻ ഉപയോഗിക്കുന്നത്.

ചില കാവുകളിൽ ആലിന്റെ ചുവട്ടിൽ സർപ്പത്തിന്റെ ഇരട്ടഫണം കൊത്തിയ കരിങ്കല്ല് കാണാം. വിശേഷിച്ചു കൊത്തു പണികൾ ഒന്നുമില്ലാത്ത ഈ കല്ല് നാഗപ്രതീ കമായി പൂജിക്കുന്ന പതിവുണ്ട്. ചിത്രകൂടക്കല്ല്, സർപ്പക്കല്ല്, നാഗക്കല്ല് എന്നീ പേരുകളിലും ഇത് അറിയപ്പെടുന്നു.

**സർപ്പപൂജകൾ**

അനന്തന്റെ ജൻമനാളായ ആയില്യം നക്ഷത്രമാണ് സർപ്പപൂജയ്ക്ക് വിധിച്ചിട്ടുള്ളത്. ആയില്യത്തിൽ സർപ്പങ്ങളെ പ്രീതിപ്പെടുത്തി അനുഗ്രഹം നേടുകയാണ് സർപ്പപൂജകളുടെ ലക്ഷ്യം. ആയില്യം നോമ്പു നോറ്റ് നാഗപൂജ ചെയ്താൽ സന്താന ലാഭവും കുടുംബത്തിൽ ശാന്തിയും സമാധാനവും ഉണ്ടാകുമെന്നാണ് വിശ്വാസം. കന്നി, തുലാം, ധനു, കുംഭം, മേടം

എന്നീ മാസങ്ങളിലെ ആയില്യം നാളിനാണ് പ്രാധാന്യം. ഇടവം 15 മുതൽ കന്നി ആയില്യം വരെ സർപ്പപൂജകൾ നടത്താറില്ല. ഈ സമയം സർപ്പങ്ങൾ ചാതുർമാസ്യ വ്രതമനുഷ്ഠിക്കുന്നതിനാൽ പൂജകൾ ശുഭമാകില്ല എന്നാണ് വിശ്വാസം.

സമ്പൽ സമൃദ്ധിക്ക് വെള്ളരി, ആയില്യം പൂജ, നൂറുംപാലും കൊടുക്കൽ എന്നിവയും വിദ്യാ വിജയത്തിന് ധാന്യം, ദിവ്യാഭരണങ്ങൾ ഇവയുടെ സമർപ്പണം, ആരോഗ്യത്തിന് ഉപ്പ് വഴിപാട്; ദീർഘായുസ്സിന് നെയ് വഴിപാട്, സർപ്പദോഷ പരിഹാരത്തിന് സർപ്പ രൂപവും മുട്ടയും വഴിപാട് എന്നിവയാണ് മുഖ്യ സർപ്പ പൂജകൾ .

ത്വക് രോഗം വരുന്നത് സർപ്പകോപം കൊണ്ടാണെന്ന പരമ്പരാഗത വിശ്വാസം കേരളത്തിൽ മുമ്പെ നിലവിലുണ്ട്.ഇതിനുള്ള പരിഹാരമായും സർപ്പപൂജ ചെയ്യാറുണ്ട്.

**നൂറും പാലും കൊടുക്കൽ**

സർപ്പപൂജകളുടെയും സർപ്പാരാധനയുമായി ബന്ധപ്പെട്ട വിവിധ അനുഷ്ഠാനങ്ങളുടെയും ഭാഗമായ ഒരു പ്രധാന ചടങ്ങാണ് 'നൂറും പാലും കൊടുക്കൽ. 'വർഷം തോറും കന്നിമാസത്തിലെ ആയില്യം നാളിൽ സർപ്പക്കാവുകളിലും ക്ഷേത്രങ്ങളിലും ഈ ചടങ്ങ് നടത്തുന്നു. കൂവനൂറ്, മഞ്ഞൾപ്പൊടി, അരിപ്പൊടി, അവൽ, മലര്, അപ്പം, ഇളനീർ എന്നിവ ചേർത്ത മിശ്രിതം സർപ്പങ്ങൾക്ക് പ്രിയപ്പെട്ടതാണെന്നാണ് വിശ്വാസം. ഇവ തൂശനിലയിൽ വച്ച് പൂജ നടത്തുന്നതാണ് നൂറുംപാലും കൊടുക്കൽ. അനുഷ്ഠാനങ്ങളായ സർപ്പം തുള്ളൽ, കുറുന്തിനിപ്പാട്ട് എന്നീ ചടങ്ങുകളുടെയും മുഖ്യ ഭാഗമാണ് നൂറും പാലും.

**ഉരുളി കമഴ്ത്തൽ**

കേരളത്തിലെ ഏറ്റവും പ്രശസ്ത നാഗരാജ ക്ഷേത്രമായ ആലപ്പുഴ ജില്ലയിലെ ഹരിപ്പാടിനടുത്തുള്ള മണ്ണാറശ്ശാലയിൽ സർപ്പപ്രീതിയിലൂടെ സന്താനഭാഗ്യം ലഭിക്കാൻ ചെയ്യുന്ന വഴിപാടാണ് ഉരുളി കമഴ്ത്തൽ. നാഗരാജാവായ വാസുകിയും നാഗമാതാവായ സർപ്പയക്ഷിയുമാണ് ഇവിടത്തെ മുഖ്യ പ്രതിഷ്ഠകൾ. ക്ഷേത്രത്തോടു ചേർന്നുള്ള ഇല്ലത്തിന്റെ നിലവറയിൽ നാഗ ശ്രേഷ്ഠനായ അനന്തൻ കുടികൊള്ളുന്നു. 'വലിയമ്മ' എന്ന വിശേഷണമുള്ള മണ്ണാറശാല ഇല്ലത്തെ തലമുതിർന്ന അന്തർജനമാണ് ക്ഷേത്രത്തിലെ മുഖ്യ പുരോഹിത.

ദമ്പതികൾ താളമേളങ്ങളോടെ ക്ഷേത്രത്തിനെ മൂന്നു പ്രദക്ഷിണം വച്ചു ഉരുളി നാഗരാജാവിന്റെ നടയ്ക്കുവയ്ക്കും. മേൽശാന്തി ചൊല്ലുന്ന പ്രാർഥന ഏറ്റു ചൊല്ലുന്ന ദമ്പതികൾ ഇല്ലത്ത് ചെന്ന് വലിയമ്മയെ ദർശിച്ച് ഭസ്മം വാങ്ങും. നടയ്ക്കുവച്ച ഉരുളി വലിയമ്മ പിന്നീട്


മണ്ണാറശാല

നിലവറയിൽ അനന്തന് മുമ്പിൽ കമഴ്ത്തിവെക്കുന്നു. സന്താനഭാഗ്യം ലഭിച്ച ദമ്പതികൾ കുഞ്ഞുമായി ക്ഷേത്രത്തിൽ എത്തുമ്പോൾ ഉരുളി നിവർത്തി ഉപകാരസ്മരണയായി പായസം വച്ച് അനന്തനും വാസുകിക്കും സമർപ്പിക്കുന്നതോടെ വഴിപാട് പൂർത്തിയാകുന്നു.

**നാഗാരാധനാ അനുഷ്ഠാനങ്ങൾ**

സർപ്പംപാട്ട്, സർപ്പബലി, നാഗത്തെയ്യം, നാഗത്തോറ്റം, കുറുന്തിനിപ്പാട്ട്, നാഗക്കന്നി, തിരിയുഴിച്ചിൽ എന്നിവയാണ് നാഗാരാധനയുമായി ബന്ധപ്പെട്ട വിവിധ അനുഷ്ഠാ

നങ്ങൾ. പുള്ളുവൻ പാട്ടും സർപ്പം പാട്ടുമായി ബന്ധപ്പെട്ടതാണ് മധ്യ-ദക്ഷിണ കേരളത്തിലെ നാഗാരാധന. എന്നാൽ ഉത്തര കേരളത്തിൽ നാഗതെയ്യത്തിനാണ് പ്രാധാന്യം.



പുള്ളുവൻ പാട്ട്

നാഗാരാധനയുടെ അനുഷ്ഠാനങ്ങളിൽ വ്യത്യസ്ത സമുദായങ്ങൾ പങ്കുചേരുന്നതായി കാണാം. ബ്രാഹ്മണരുടെ സർപ്പബലി, തെയ്യം പാടികളുടെ നാഗപ്പാട്ട്, വണ്ണാൻമാരുടെ കുറുന്തിനിപ്പാട്ട്, വണ്ണാൻ-മുന്നൂറ്റൻമാരുടെ നാഗത്തെയ്യം, പുള്ളുവരുടെ സർപ്പം പാട്ട് എന്നിവയെല്ലാം നാഗാരാധനയുടെ വിവിധ രൂപങ്ങളാണ്.

**1. കുറുന്തിനിപ്പാട്ട്**

ഉത്തര കേരളത്തിൽ നാഗപ്രീതിയിലൂടെ സന്താനഭാഗ്യത്തിന് സ്ത്രീകളെ പുരസ്കരിച്ച് ചെയ്യുന്ന കർമ്മമാണ് കുറുന്തിനിപ്പാട്ട്. വണ്ണാൻ സമുദായക്കാരാണ് ഭവനങ്ങളിൽ വച്ച് നടത്തുന്ന ഈ ചടങ്ങിന്റെ മുഖ്യ കർമ്മികൾ. പ്രഭാതം മുതൽ പ്രദോഷം വരെയാണ് കർമ്മങ്ങൾ.

ആദ്യചടങ്ങ് നൂറുംപാലും കൊടുക്കലാണ്. കൂവനൂറ്, പാല്, ഇളനീര് എന്നിവ ചേർത്താണ് നൂറുംപാലും കൊടുക്കുന്നത്. ആലില, മാവില, പ്ലാവില, വെറ്റില എന്നിവ കൊണ്ടുള്ള പാത്രങ്ങളിൽ തിരി കത്തിച്ച് വച്ച് അതിൽ നൂറും പാലും പകർന്നു വെക്കുന്നു. ഇവ പാലുള്ള വൃക്ഷച്ചുവട്ടിൽ കൊണ്ടു വെക്കും. സന്ധ്യക്കുമുമ്പ് നാലു പ്രാവശ്യം ഇപ്രകാരം ചെയ്യും. ഈ സന്ദർഭങ്ങളിൽ പ്രത്യേകം പാട്ടുകൾ പാടും. നാഗരാജാവ്, വണ്ടോരപ്പൻ, ഉലകരാജാവ്, കനകരാജാവ് എന്നിവരുടെ കഥകളാണ് പാടുന്നത്.

അടുത്ത ചടങ്ങാണ് 'കലം കെട്ടും കലമഴിപ്പും'. ഏഴ് പച്ചക്കലമെടുത്ത് അരി, കദളി പ്പഴം, കോടിമുണ്ട്, ചമതപ്പൂവ്, തുളസിപ്പൂവ്, വെറ്റില എന്നിവ കലങ്ങളിൽ വച്ച് കോടി വസ്ത്രം കൊണ്ട് വായ കെട്ടും. ഏഴു കലവും മേൽക്കുമേൽ വെക്കും. 'ഗരുഡൻ കലം' എന്നു വിളിക്കുന്ന ഒരു കലത്തിൽ മാത്രം ചെന്തെ ങ്ങിന്റെ ഇളനീര് കൂടി വെക്കും. തുടർന്ന് 'ഗരുഢോൽപത്തി' കഥ പാടും.

അടുത്ത ഘട്ടത്തിൽ പഞ്ചവർണ്ണ പ്പൊടി കൊണ്ടുള്ള കളത്തിൽ വലിയ ഒരു ചെമ്പു പാത്രത്തിൽ കുരുതി കൂട്ടും. തുടർന്ന് പിണിയാളുടെ ശരീരത്തിൽ കാരോല കൊണ്ട് ആഭരണങ്ങൾ അണിയിക്കും. അപ്പോൾ കുറുന്തിനി ഭഗവതി, കുറുന്തിനിക്കാമൻ എന്നീ തെയ്യങ്ങൾ കെട്ടിയാടും . വാദ്യഘോഷങ്ങളും തെയ്യങ്ങളുടെ ഉഗ്രനർത്തനവും അലങ്കാര ങ്ങളും വിളക്കും കുരുതിയും പാട്ടുകളുമെല്ലാം ചേർന്ന അസാധാരണമായ ഒരു രംഗം സൃഷ്ടി ക്കപ്പെടുന്നു. കുരുതിക്കളത്തിൽ ഇരിക്കുന്ന പിണിയാൾ ഇളകിയാടുകയും വീണുരു ളുകയും ചെയ്യുന്നു.

**2. നാഗത്തെയ്യങ്ങൾ**

ഉത്തരകേരളത്തിൽ നാഗാരാധനയുടെ ഭാഗമായി കെട്ടിയാടുന്ന തെയ്യങ്ങളാണ് നാഗത്തെയ്യങ്ങൾ. നാഗകണ്ഠൻ, നാഗകന്നി എന്നീ നാഗദേവതകളെ കെട്ടിയാടുന്നത് വണ്ണാൻമാരാണ്.

പാണൻമാരും മുന്നൂറ്റൻമാരും കെട്ടി യാടുന്ന നാഗദേവതകളാണ് നാഗക്കാളിയും നാഗ ഭഗവതിയും. വിശ്വാസ പ്രകാരം ശ്രീമഹാദേവന്റെയും ശ്രീമൂലശക്തിയുടെയും മക്കളാണ് നാഗഭഗവതി, നാഗക്കാളി എന്നിവർ.

**3. നാഗത്തോററം**

നാഗപ്പാട്ടിന് തെയ്യംപാടികൾ പാടുന്ന താളാത്മകമായ ഗദ്യമാണ് 'നാഗത്തോറ്റം'.

നാഗരാജാവിന്റെയും നാഗേശ്വരിയുടെയും കഥ പറയുന്ന ഒരു പുരാവൃത്തമാണ് നാഗത്തോറ്റം.

നാഗരാജാവും നാഗേശ്വരിയും ചെമ്പരുന്തിന്റെ രൂപത്തിൽ തീർഥാടനം കഴിഞ്ഞ് മടങ്ങുന്ന സമയം നാഗേശ്വരിക്ക് പ്രസവകാലമടുത്തതിനാൽ നാഗസങ്കേതമായ വെള്ളിയം പെരുമലയിൽ ഇറങ്ങി. നാഗേശ്വരിക്ക് മുട്ടകളിടാൻ ശിൽപികൾ ഒരു ചന്ദനമരം മുറിച്ച് ചിത്രകൂടം നിർമ്മിച്ചു. എന്നാൽ മരത്തിൽ വസിച്ചിരുന്ന യക്ഷി 'ഇതിനെക്കൊണ്ട് ഫലമുണ്ടാകാതെ പോകട്ടെ' എന്നു ശപിച്ചു. ചിത്രകൂടത്തിനകത്ത് നാഗേശ്വരിയിട്ട പതിനാല് മുട്ടകൾ നായാട്ടിനിറങ്ങിയ പരീക്ഷിത്ത് രാജാവ് ഉടച്ചു കളഞ്ഞു. എന്നാൽ ഒരു മുട്ട മാത്രം വിരിഞ്ഞു കുഞ്ഞായതിനാൽ അത് മാളത്തിലൊളിച്ച് രക്ഷപ്പെട്ടു. ഈ നാഗ തക്ഷകൻ പരീക്ഷിത്തിനെ കൊല്ലുമെന്ന് ശപഥം ചെയ്തു. കൊട്ടാരത്തിലേക്കുള്ള പഴങ്ങളിലൊന്നിൽ പുഴു രൂപത്തിൽ പ്രവേശിച്ച നാഗതക്ഷകൻ രാജാവ് പഴമെടുത്ത് കടിച്ച സമയത്ത് സർപ്പമായി വളർന്ന് പരീക്ഷിത്തിനെ ദംശിച്ച് വധിച്ചു.

നാഗതക്ഷകന്റെ മാതാപിതാക്കൾ അവനോട് ഭൂമിയിലേക്ക് ഇറങ്ങാനാവശ്യ പ്പെട്ടു. നാഗതക്ഷകൻ അപ്രകാരം 'ചോർക്ക ളപ്പാറ' മേൽ അധിവാസം തുടങ്ങി. പിന്നീട് നാഗതക്ഷകൻ കയ്യത്തുനാഗം , പെരളശ്ശേരി, പാമ്പുമേക്കാട് എന്നിവിടങ്ങളിൽ ചെന്നുവെന്നാണ് നാഗത്തോറ്റം പറയുന്നത്.

**4. സർപ്പബലി**

കേരള ബ്രാഹ്മണരുടെ സർപ്പാരാധനാപരമായ ബലികർമ്മമാണ് സർപ്പബലി. അരിപ്പൊടിയും മഞ്ഞൾപ്പൊടിയും കൊണ്ട്'പത്മം' എന്ന ഒരു കളം വരയ്ക്കും. പത്മത്തിന്റെ നടുവിൽ നെല്ലും അരിയും നാളികേരവും ദർഭ കൊണ്ടുള്ള കൂരച്ചവും വെച്ച് ചണ്ഡേശ്വരനെ സങ്കൽപ്പിച്ച് പൂജിക്കുന്നു. ചുറ്റുമായി അഷ്ടനാഗങ്ങളെയും മറ്റു പ്രധാന നാഗങ്ങളെയും സങ്കൽപ്പിച്ച് പൂജിച്ച് ഹവിസ്സുകൊണ്ട് ബലി തൂവുന്നു.പത്മത്തിന്റെ വടക്കുഭാഗം ഒരു പാത്രത്തിൽ നൂറുംപാലും കൂട്ടി അഷ്ടനാഗങ്ങൾക്ക് നിവേദിക്കുന്നു.

**5.തിരിയുഴിച്ചിൽ**

സർപ്പശാപം നീക്കാനും സർപ്പപ്രീതിക്കും സന്താന ലാഭത്തിനും വേണ്ടി പുള്ളുവർ നടത്തുന്ന അനുഷ്ഠാനമാണ് തിരിയുഴിച്ചിൽ. സർപ്പക്കാവുകളിലും ക്ഷേത്രങ്ങളിലുമാണ് ഇതു നടത്തുന്നത്. പത്തോ പന്ത്രണ്ടോ വലിയ തിരികൾ ഒന്നിച്ച് ചേർത്ത് എണ്ണയിൽ മുക്കി കത്തുന്ന ഭാഗമൊഴിച്ച് വാഴപ്പോളയിൽ പൊതിയുന്നു. തിരി കത്തുന്നതിനനുസരിച്ച് പോളമുറിച്ചുകളയും. കത്തിച്ച തിരികൊണ്ട് കാർമികനായ പുള്ളുവൻ ശരീരം മുഴുവൻ ഉഴിയുകയും തിരി കടിക്കുകയും തിരി വീശുകയും ചെയ്തുകൊണ്ട് താണ്ഡവമാടും. ചടങ്ങിന് പുള്ളുവ വീണയും കുഴിത്താളവും പിന്നണി വാദ്യങ്ങളായുണ്ടാവും. സാഹസികവും പീഡനവുമുള്ളതുമായ ഈ കർമ്മം നടത്തുവാൻ നല്ല മെയ്‌വഴക്കവും അഭ്യാസപാടവവും നിർബന്ധമാണ്.

**6. സർപ്പംപാട്ട്**

സർപ്പപ്രീതിക്കായി സർപ്പക്കാവുകൾ, നാഗക്ഷേത്രങ്ങൾ, തറവാട്ടു മുറ്റങ്ങൾ എന്നിവിടങ്ങളിൽ നടത്തുന്ന അനുഷ്ഠാന കർമ്മമാണ് സർപ്പംപാട്ട്. നാഗംപാട്ട്, സർപ്പം തുള്ളൽ, പാമ്പിൻ തുള്ളൽ എന്നീ പേരുകളിലും ഇത്



നാഗക്കളവും മണിപന്തലും

അറിയപ്പെടുന്നു. പുള്ളുവ സമുദായ ക്കാരാണ് ഈ കർമ്മം നടത്തുന്നത്. കുരുത്തോല കൊണ്ട് അലങ്കരിച്ച് മുകളിൽ ചുവന്ന പട്ട് വിതാനിച്ച് ചുറ്റും തൂക്കുവിള ക്കുകളും മറ്റു വിളക്കുകളും വെച്ച മണിപ്പന്ത ലിൽ വച്ചാണ് സർപ്പംപാട്ട് നടത്തുന്നത്.

മണിപന്തലിന്റെ നടുവിലായി സർപ്പ ത്തിന്റെ രൂപമുള്ള സർപ്പക്കളം വരയ്ക്കു ന്നതാണ് ചടങ്ങിലെ ഒരു മുഖ്യ കർമ്മം. രാവിലെ അരിപ്പൊടികൊണ്ട് കളമിടുന്നു. ഇതാണ് ഭസ്മക്കളം. ഉച്ചയ്ക്കും രാത്രിയിലും പഞ്ചവർണ്ണപ്പൊടി കൊണ്ടാണ് കളമെഴു തുന്നത്. അരിപ്പൊടി (വെള്ള), മഞ്ഞൾപ്പൊടി (മഞ്ഞ), മഞ്ഞളും ചുണ്ണാമ്പും ചേർത്ത പൊടി (ചുവപ്പ്), ഉമിക്കരി (കറുപ്പ്), ഉണക്കിയ മഞ്ചാടിയിലപ്പൊടി (പച്ച) എന്നിവയാണ് പഞ്ചവർണ്ണപ്പൊടികൾ. അടിതുളച്ച ചിരട്ട കൊണ്ടാണ് കളമെഴുതുന്നത്. കളത്തിനു ചുറ്റും നെല്ല്, അരി, നാളികേരം, വെറ്റില, അടയ്ക്ക, കവുങ്ങിൻ പൂക്കുല, പാൽക്കുട എന്നിവയും വെക്കും.

സർപ്പയക്ഷിക്കളം, നാഗയക്ഷിക്കളം, അഷ്ടനാഗക്കളം എന്നിങ്ങനെ വിവിധങ്ങളായ കളങ്ങൾ സന്ദർഭത്തിനനുസരിച്ച് ചിത്രീ കരിക്കും. തുടർന്ന് കളംപൂജിക്കും. ഇതിനു ശേഷം സർപ്പം തുള്ളുന്ന സ്ത്രീകൾ പന്തലി ലേക്ക് ആനയിക്കപ്പെടും. പൂജയും നൂറും പാലും കൊടുക്കലും കഴിഞ്ഞ ശേഷം സ്ത്രീകൾ കവുങ്ങിൻ പൂക്കുല കയ്യിലേന്തി ആടുവാൻ തുടങ്ങും. ഇതേ സമയം പുള്ളുവ


Pulluvan Pattu
പുള്ളുവൻ പാട്ട്

വീണ, പുള്ളുവക്കുടം, ഇലത്താളം എന്നീ വാദ്യങ്ങളോടുകൂടി പുള്ളുവർ സർപ്പ പ്പാട്ടുകൾ പാടും. പാട്ടുകളുടെ രാഗ താളങ്ങൾ മുറുകു മ്പോൾ സ്ത്രീകളു ടെ തുള്ളലും മുറുകും. തലമുടി അഴിച്ചിട്ട് മുന്നോട്ടും പിന്നോട്ടും നിരങ്ങി നീങ്ങുന്ന സ്ത്രീകൾ മൂർദ്ധന്യാവസ്ഥയിൽ പൂക്കുല ചുഴറ്റി ഉറഞ്ഞാടി അവസാനം കളം മായ്ക്കുന്നു. ദിവസത്തിൽ മൂന്നു നേരവും ഇപ്രകാരം കർമ്മങ്ങൾ നടക്കും.

സർപ്പംപാട്ട് സാധാരണയായി അഞ്ച്, ഏഴ്, ഒമ്പത്, പതിനൊന്ന് എന്നീ ദിവസങ്ങളിൽ ഒന്നിന്റെ കാലദൈർഘ്യത്തിലാണ് നടത്തു ന്നത്. സമാപന ദിനത്തിന്റെ തലേന്ന് നാഗ രാജക്കളമാണ് ഇടുന്നത്.

സമാപന ദിവസം അഷ്ടനാഗക്കളമിടും. അന്ന് രാത്രിയിൽ അഷ്ടനാഗപൂജ, നാഗബലി, പുറം കളത്തിൽ കുരുതി, നൂറിടി കർമ്മം എന്നിവയും നടത്തുന്നു.

വിവിധ കളങ്ങൾ എഴുതുന്ന ഓരോ സന്ദർഭത്തിലും പുള്ളുവർ പാടുന്ന പാട്ടുകളും വ്യത്യസ്തമാണ്. എങ്കിലും തുടക്കം ഒരു വന്ദനഗാനത്തോടെയാണ്.അനന്തരം വീണ യിൽ താളം വായിച്ച് ഗണപതി വന്ദനം ചൊല്ലുന്നു. അത് കഴിഞ്ഞ് നാഗോൽപ്പത്തി സംബന്ധിച്ച പാട്ടാണ്. നാഗങ്ങളുടെ ഉൽപത്തി വികാസ പരിണാമങ്ങളാണ് പാട്ടുകളിലെ ഇതിവൃത്തം. പുള്ളുവൻപാട്ടിലെ ഇതിവൃത്ത വും സംഗീതവും കേരളത്തിന്റെ തനതു പാരമ്പര്യമുള്ള നാടൻപാട്ടു സംസ്കാരത്തിൽ പെടുന്നതും കാവുകളിലെ അനുഷ്ഠാന വുമായി ബന്ധപ്പെട്ടതുമായ ഒരു സംഗീത ശാഖയാണ്. ശാസ്ത്രീയ സംഗീതത്തിൽ നിന്നും വിഭിന്നമായ ആലാപനരീതിയും താളവുമാണ് പുള്ളുവൻ പാട്ടിന്റേത്. പുളുവൻ പാട്ടിന്റേതായ സ്വന്തമായ വാദ്യങ്ങളും പ്രത്യേകതയാണ്. നാഗങ്ങളുമായി ബന്ധപ്പെട്ട്

മഹാഭാരതം, ഭാഗവതം, പുരാണങ്ങൾ എന്നിവ യിലുള്ള കഥകളാണ് മിക്ക പാട്ടുകളിലെയും പ്രമേയം.

പുള്ളുവൻ പാട്ടിൽ പുരുഷ്ന്മാരും സ്ത്രീ കളുംഒരുപോലെ പാടാനുണ്ടാകും. പുള്ളുവ വീണ യും പുള്ളുവക്കു ടവുമാണ് പുള്ളു വൻ പാട്ടിലെ അനുധാവന വാദ്യങ്ങൾ. ചിലപ്പോൾ ഇലത്താളവും ഉണ്ടാകും. സാധാരണയായി പുരുഷൻമാർ പുള്ളുവ വീണയും സ്ത്രീകൾ പുള്ളുവക്കുടവുമാണ് മീട്ടുന്നത്.

പുള്ളുവൻപാട്ടിനുവേണ്ടി മാത്രമായി നിർമ്മിക്കപ്പെട്ടതും പൂർണ്ണമായി ഗ്രാമീണവു മായ വാദ്യങ്ങളാണ് പുള്ളുവ വീണയും പുള്ളുവക്കുടവും. ഇവയുണ്ടാക്കുന്ന നാദ ത്തിനും താളത്തിനും ഒരു പ്രത്യേക വശ്യത യുണ്ട്. ഇത് പുള്ളുവൻപാട്ടിന് നാടൻ പാട്ടുകൾ ക്കിടയിൽ മുൻനിര സ്ഥാനം നൽകുന്നു.

മിക്ക പുള്ളുവൻ പാട്ടുകളുടെയും അടിസ്ഥാന രാഗം പുന്നാഗവരാളിയാണ്. പാമ്പാട്ടികൾ സർപ്പങ്ങളെ കളിപ്പിക്കുന്ന സമയത്ത് സൃഷ്ടിക്കുന്ന മകുടിനാദത്തിന്റെ സ്വര ശ്രേണിയുള്ള രാഗമായ പുന്നാഗവരാളി തന്നെയാണ് നാഗാരാധനയുടെ അനുഷ്ഠാന ഗാനമായ പുള്ളുവൻപാട്ടിന്റെയും അടിസ്ഥാന മെന്നത് കൗതുകകരമാണ്. ഈയൊരു രാഗത്തിന് പാമ്പിനെ സൂചിപ്പിക്കുന്ന നാഗ എന്ന വാക്കു സന്നിവേശിപ്പിച്ച് പേരു നൽകിയ കർണാടക സംഗീതത്തിലെ പിതാമഹൻമാരെ ശരിക്കും നമിക്കണം.

ഭൂമിയിൽ ഇഴയുന്ന സാധാരണ പാമ്പു കളല്ല പുള്ളുവൻ പാട്ടിലെ നാഗത്താൻമാർ. മറിച്ച് വീര്യ-ശൗര്യ - പ്രതാപങ്ങളുടെ പ്രതീക ങ്ങളായ അനന്തൻ, വാസുകി, തക്ഷകൻ മുതലായ നാഗവീരൻമാരെയാണ് പാട്ടുകളിൽ പ്രകീർത്തിക്കുന്നത്. മനുഷ്യ മനസ്സിന്റെ ഉള്ളിൽ നാഗങ്ങൾ ഒരു ഭയമായി ചൂഴ്ന്നു നിൽക്കുന്ന പശ്ചാത്തലത്തിൽ സർപ്പംതുള്ള ലിന്റെ ദൈവീകമായ സന്ദർഭത്തിൽ കേൾക്കു മ്പോഴാണ് പുള്ളുവൻപാട്ടിന്റെ സംഗീതം ശ്രോതാക്കൾക്ക് വിസ്മയാനുഭവമാകുന്നത്. സർപ്പം തുള്ളലും പുള്ളുവൻ പാട്ടും വിശ്വാ സികൾക്ക് ഭക്തിഭാവമായും കലാസ്നേഹി കൾക്ക് ദൃശ്യാനുഭവമായും സംഗീത പ്രേമി കൾക്ക് ശ്രവ്യാനുഭവമായും ബഹുസ്വരിതമായി നിലനിൽക്കുന്നു.

സർപ്പംപാട്ടിന്റെ ഭാഗമല്ലാതെ വീട്ടുമുറ്റ ങ്ങളിലും മറ്റും പുള്ളുവൻ പാട്ടു പാടി നടക്കാ റുണ്ട്. മിക്കവാറും പുള്ളുവ ദമ്പതികളായി രിക്കും ഇങ്ങനെയുള്ളവർ. പുരുഷൻ പുള്ളുവ വീണയും സ്ത്രീ പുള്ളുവക്കുടവും മീട്ടിയാണ് ഈ അവസരങ്ങളിൽ പാട്ട് പാടുന്നത്.

**പുള്ളുവ വീണ**

പുള്ളുവൻ പാട്ടിനുവേണ്ടി പുള്ളുവർ സ്വയം നിർമ്മിച്ച് ഉപയോഗിക്കുന്ന വാദ്യമാണ് പുള്ളുവ വീണ. പുള്ളോർവീണ എന്നും ചിലപ്പോൾ പറയാറുണ്ട്. ഏറ്റവും ലളിതമായ രൂപത്തിലുള്ള വീണ നിർമ്മിക്കുന്നത് വലിയ ചിരട്ട, വണ്ണമുള്ള മുളങ്കമ്പ്, ഒരു തരം നേരിയ നാടൻവള്ളി എന്നിവ കൊണ്ടാണ്.ഒരു ചെറിയ മുളവില്ല് കൊണ്ടാണ് ഇത് വായിക്കുന്നത്. പുള്ളുവർ പാടുമ്പോഴെല്ലാം വീണ ഉപയോ ഗിക്കും. അതിനാൽ 'പുള്ളുവൻ പാടുന്നതേ വീണ പാടൂ' എന്ന ഒരു പഴഞ്ചൊല്ലു തന്നെ യുണ്ട്.




പുള്ളുവ വീണ യുടെ ഒരു പരിഷ്കൃത രൂപമാണ് ഇപ്പോൾ ഉപയോഗത്തിലുള്ളത്. ഇതിന് മുഖ്യമായും രണ്ടു ഭാഗങ്ങളാണു ള്ളത്- മരം തുരന്നെടുത്ത് ഉണ്ടാക്കുന്ന വൃത്താകൃതി യുള്ള കിണ്ണവും മരം കൊണ്ടുള്ള തണ്ടും. പ്ലാവിന്റെയോ തേക്കിന്റെയോ തടിയാണ് ഇതിന് ഉപയോഗിക്കുന്നത്.

തണ്ടിന്റെ ഒരു ഭാഗം അർദ്ധവൃത്തമായി വെട്ടി കിണ്ണത്തിന്റെ വശത്ത് ഉറപ്പിക്കുന്നു. കിണ്ണത്തിന്റെ വായ് ഉടുമ്പിൻ തോലുകൊണ്ട് പൊതിയുന്നു. നാഗച്ചിറ്റമൃത് വള്ളികൊണ്ടുള്ള തന്ത്രി കിണ്ണ ത്തിന്റെ മുകളിലും തണ്ടിന്റെ അറ്റത്തുമായി ഘടിപ്പിക്കുന്നു. കമുകിൻതടികൊണ്ടുള്ള വില്ലു കൊണ്ടുള്ള തന്ത്രിയിൽ ഉരസിയാണ് വീണ യിൽ നാദമുണ്ടാക്കുന്നത്.

കിണ്ണം ഇടതു ചുമലിൽ മുട്ടിച്ച് ഇടതുകൈകൊണ്ട് തലക്കൽ പിടിച്ച് വില്ല് വലതു കൈയിൽ പിടിച്ചാണ് വീണ മീട്ടുന്നത്. വില്ലിന്റെ അറ്റത്ത് കുറച്ച് ലോഹച്ചിറ്റുകൾ കോർത്തിടും. വീണ വായിക്കുമ്പോൾ കൂട്ടത്തിൽ വില്ലിന്റെ ചലനം ക്രമീകരിച്ച് താളമിടാൻ ഈ ചിറ്റുകൾ സഹായിക്കുന്നു.

**പുള്ളുവക്കുടം**

പുള്ളുവൻപാട്ടിനായി പുള്ളവർ സ്വയം നിർമ്മിക്കുന്ന മറ്റൊരു വാദ്യമാണ് പുള്ളുവ ക്കുടം. പുള്ളോർക്കുടം എന്നും ചിലപ്പോൾ ഈ വാദ്യത്തെ വിളിക്കാറുണ്ട്.



പുളളുവകുടം വായന

ഒരു വലിയ മൺ കുടത്തിന് രൂപമാറ്റം വരുത്തിയാണ് പുള്ളുവക്കുടം നിർമ്മി ക്കുന്നത്. കുടത്തിന്റെ അടിഭാഗം തുരന്നെടുത്ത ശേഷം അവിടെ കാളക്കിടാവിന്റെയോ ഉടുമ്പിന്റെയോ തുകൽ ഒട്ടിക്കുന്നു. ഈ തുകൽ കുടത്തിന്റെ വായ് ഭാഗത്തേക്ക് വലിച്ചു കെട്ടു ന്നു. തുകൽ ഒട്ടിച്ച സ്ഥലത്ത് രണ്ടു ചെറുദ്വാരങ്ങളുണ്ടാക്കി അതിലൂടെ പനങ്കണ്ണിച്ചരട് കോർത്ത് നീളമുള്ള ഒരു അലകുവടിയുടെ ഒരറ്റത്ത് ചരടിന്റെ മറ്റേ അറ്റം വരിഞ്ഞുകെട്ടും. അലകുവടിയുടെ ചരടു കെട്ടിയ ഭാഗത്ത് ഒരു മരപ്പൂളുവച്ച് വടി അൽപം ഉയർത്തും. വടി ഇളകാതിരിക്കാനായി അതിന്റെ മറുതലക്കൽ കാലുകൊണ്ട് അമർ ത്തും. കാലിന്റെ തള്ളവിരലിനും തൊട്ടടുത്ത വിരലിനും ഇടയിൽ ചരടു കുടുക്കി അതിന് മുറുക്കമുണ്ടാക്കുന്നു. കുടം ഇടതു തുടയിൽ വച്ച് അത് വീഴാതിരിക്കാൻ ഇടത് കൈത്തണ്ട ഉപയോഗിക്കും .

മുറുകി നിൽക്കുന്ന ചരടിൽ 'തേറ്'എന്നു വിളിക്കുന്ന ചെറിയ രണ്ട് മരമുട്ടികൾ കൊണ്ട് കൊട്ടിയാണ് പുള്ളുവക്കുടം വായിക്കുന്നത്. പുളിക്കാതൽ കൊണ്ടാണ് ഈ മരമുട്ടികൾ നിർമ്മിക്കുന്നത്.

**പുള്ളുവരും വാദ്യങ്ങളും ഐതിഹ്യങ്ങളിൽ**

കേരളത്തിൽ നാഗാരാധനയുമായി ബന്ധപ്പെട്ട അനുഷ്ഠാനങ്ങൾ സർപ്പകാവു കളിലും ഗൃഹങ്ങളിലും നടത്തിവരുന്ന ഒരു ദ്രാവിഡ ജനവിഭാഗമാണ് പുള്ളുവർ. സർപ്പ ങ്ങളും നാഗാരാധനയും ആയി ബന്ധപ്പെട്ട എല്ലാ കർമ്മങ്ങളും ചെയ്യാൻ നിയോഗിക്ക പ്പെട്ടവരാണ് തങ്ങളെന്ന് പുള്ളുവർ അവകാശ പ്പെടുന്നു. പുള്ളുവരുടെ ഉദയത്തെപ്പറ്റി നിരവധി ഐതിഹ്യങ്ങളുണ്ട്.



ബ്രഹ്മാവ്, വിഷ്ണു, നാരദൻ, സരസ്വതി എന്നിവരുടെ സാന്നിധ്യത്തിൽ കൈലാസ ത്തിൽ വച്ച് പരമശിവൻ ദർഭപ്പുല്ലിൽ നിന്നും സൃഷ്ടിച്ചവരാണത്രെ പുള്ളുവർ. പുല്ലിൽ നിന്നും ഉണ്ടായതു കാരണം ആദ്യം 'പുല്ലവർ' എന്ന പേരിൽ അറിയപ്പെട്ടു. പിൽക്കാലത്ത് ഇത് പുള്ളുവർ എന്നായി മാറുകയും ചെയ്തു എന്നാണ് ഒരു ഐതിഹ്യം.

ശിവൻ പുള്ളുവർക്ക് വീണയും ബ്രഹ്മാവ് കുടവും വിഷ്ണു കൈമണിയും നൽകി അനുഗ്രഹിച്ചുവത്രെ.അതോടൊപ്പം സരസ്വതി സംഗീതവും നാരദൻ സർപ്പപ്രീതിക്കായി ദേശാന്തരങ്ങൾ സന്ദർശിച്ച് കർമങ്ങൾ നടത്താനുള്ള അനുഗ്രഹവും നൽകി ഭൂമിയിലേക്ക് യാത്രയാക്കുകയും ചെയ്തു.

മഹാഭാരതത്തിലെ ഖാണ്ഡവ ദഹനം എന്ന കഥയിൽ പ്രതിപാദിക്കുന്ന ജരിത, മന്ദപാലൻ എന്നീ പക്ഷികളുടെ പിൻമുറക്കാരാണ് തങ്ങളെന്നും പുള്ളുവർ അവകാശപ്പെടാറുണ്ട്.

സംഘകാലത്ത് തമിഴ്നാട്ടിലെ ഐന്തിണകളിൽ ഒന്നായ പാലത്തിണയിൽ വസിച്ചതു കൊണ്ടാണ് പുള്ളുവർക്ക് ആ പേരു വന്നതെന്ന മറ്റൊരു വാദമുണ്ട്. അതല്ല നിമിത്ത പക്ഷിയായ പുള്ളിന്റെ ശബ്ദത്തിൽ നിന്ന് ഫലപ്രവചനം നടത്തുന്നതു കൊണ്ടാണ് പുള്ളുവർ എന്ന പേരു വന്നതെന്ന വാദവും നിലനിൽക്കുന്നു.

ഉൽപത്തിപരമായ ഐതിഹ്യങ്ങൾ എന്തായാലും പുള്ളുവർ കേരളത്തിലെ നാഗാരാധനയുടെ മുഖ്യ കാർമ്മികർ ആണെന്നതിൽ തർക്കമില്ല. നാവേറ് നടത്താനുള്ള അവകാശവും പുള്ളുവർക്കാണ്.

പുള്ളുവക്കുടത്തിന്റെ ഉൽഭവത്തെക്കുറിച്ച് ഒരു ഐതിഹ്യമുണ്ട്. അഗ്നിദേവൻ ദഹനക്കേട് മാറ്റാൻ ഖാണ്ഡവ വനം ദഹിപ്പിച്ചപ്പോൾ പൊള്ളലേറ്റ ഒരു പാമ്പ് രക്ഷിക്കണമെന്ന് അപേക്ഷിച്ചുകൊണ്ട് ഒരു പുള്ളുവത്തിയെ സമീപിച്ചു. പുള്ളുവത്തി പാമ്പിനെ ഒരു കുടത്തിൽ കയറ്റി തീയിൽ നിന്നും രക്ഷിച്ചു. ഇത് കണ്ട് ബ്രഹ്മാവ് പുള്ളുവത്തിയുടെ കുടം കൊട്ടിയാൽ നാഗപ്രീതി ഉണ്ടാകുമെന്ന് അനുഗ്രഹിച്ചു. ഇങ്ങനെയാണ് പുള്ളുവക്കുടം ഉണ്ടായതത്രെ.

പുള്ളുവ വീണയെക്കുറിച്ച് ചില ഗാനങ്ങൾ പുള്ളുവർക്കിടയിൽ പ്രചാരത്തിലുണ്ട്. ഹരിഹര വിരിഞ്ചാദികളാൽ സൃഷ്ടിക്കപ്പെട്ടതാണ് വീണയും കുടവും താളവുമെന്ന് ഒരു പാട്ടിലുണ്ട്. ഇന്ദ്രന്റെ പിണി തീർക്കാൻ ചെന്നപ്പോൾ പുള്ളുവർക്ക് വാദ്യങ്ങൾ ലഭിച്ചതായി മറ്റൊരു പാട്ടിലുണ്ട്. രുദ്രവീണയും ബ്രഹ്മൻകുടവും വിഷ്ണുതാളവും പുള്ളുവർക്ക് വരബലമായി കിട്ടിയതാണത്രെ.

**ചലച്ചിത്രങ്ങളിലെ പുള്ളുവൻപാട്ടു ഗാനങ്ങൾ**

പുള്ളുവൻ പാട്ടുകൾ അടിസ്ഥാനമാക്കി മികച്ച രീതിയിൽ ഗാന രംഗത്ത് അവതരിപ്പിച്ച ചലച്ചിത്രഗാനങ്ങളുണ്ട്.ഇത്തരം ഗാനങ്ങളിൽ പരമ്പരാഗത പുള്ളുവ വാദ്യങ്ങൾക്ക് പകരം വയലിൻ, മൃദംഗം മുതലായവയാണ് പശ്ചാത്തല സംഗീതത്തിന് ഉപയോഗിക്കുന്നത്. പുള്ളുവൻ പാട്ടിന്റെ അടിസ്ഥാന ഈണം ഉപയോഗിച്ച് പുന്നാഗവരാളി രാഗഭാവം കൊണ്ട് സമ്പുഷ്ടമാക്കി മികച്ച ഗായകർ പാടിയ ഭാവഗീതങ്ങളായിട്ടാണ് ചലച്ചിത്ര ഗാനങ്ങൾ സൃഷ്ടിക്കപ്പെടുന്നത്.

1967ൽ പുറത്തിറങ്ങിയ 'അശ്വമേധം' എന്ന ചിത്രത്തിൽ വയലാർ രചിച്ച് ദേവരാജൻ മാസ്റ്റർ ഈണം നൽകി ബി.വസന്ത പാടിയ ഒരു പുള്ളുവൻപാട്ടു ഗാനമുണ്ട്.



ബി.വസന്ത

*തെക്കുംകൂറടിയാത്തി*
*തളിരു പുള്ളോത്തി*
*സർപ്പം പാട്ടിനു പാടാൻ പോയ്*

അതീവ ദുഃഖഭാവത്തിലുള്ള ഗാനം വളരെ കുറച്ച് പശ്ചാത്തല ഉപകരണങ്ങൾ മാത്രമുപയോഗിച്ച് ലളിതമായാണ് ചിട്ടപ്പെടുത്തിയത്. പുന്നാഗവരാളി രാഗത്തിലെ മികച്ച സൃഷ്ടിയാണ് ഈ ഗാനം

കുഷ്ഠരോഗത്തിനെപ്പറ്റി സമൂഹത്തിൽ നിലനിന്ന തെറ്റിദ്ധാരണകൾക്ക് എതിരായ സന്ദേശം നൽകിയ ചിത്രമായിരുന്നു അശ്വമേധം. വിവാഹ നിശ്ചയം കഴിഞ്ഞിരിക്കുന്ന സമയത്ത് അപ്രതീക്ഷിതമായി കുഷ്ഠരോഗ ബാധിതയായി സാനറ്റോറിയത്തിൽ എത്തുന്ന സുന്ദരിയായ കഥാനായിക പ്രവേശന കവാടത്തിനടുത്ത് പുള്ളുവൻ പാട്ടു കേൾക്കുന്നതാണ് ഗാനരംഗം. പാട്ടിന്റെ വരികളിൽ തന്റെ രോഗാവസ്ഥയുടെ പ്രതീകാത്മക വിവരണം കേൾക്കുന്ന നായികയ്ക്ക് നടുക്കവും ദുഃഖവുമുണ്ടാക്കുന്നു .

മഴക്കാറ് (1973) എന്ന ചിത്രത്തിൽ വയലാർ രചനയിൽ ദേവരാജ സംഗീതത്തിൽ എം.ജി. രാധാകൃഷ്ണനും മാധുരിയും സംഘവും പാടിയ ഗാനമാണ്



*മണിനാഗത്തിരുനാഗ യക്ഷിയമ്മേ*
*മണ്ണാറശ്ശാലയിലെ യക്ഷിയമ്മേ*
*യക്ഷിയമ്മേ വാഴ്ക യക്ഷിയമ്മേ*
*വാഴ്ക വാഴ്ക നാഗ യക്ഷിയമ്മേ*

ഒരു പഴയ തറവാട്ടിലെ ദമ്പതികൾക്ക് ദീർഘകാലം സന്താനഭാഗ്യം ഇല്ലാത്തതിനെ തുടർന്ന് സർപ്പപ്രീതിക്കായി തറവാട്ടു മുറ്റത്ത് സർപ്പംതുള്ളലും പുള്ളുവൻപാട്ടും നടത്തുന്നതാണ് ഗാനരംഗം. മണ്ണാറശ്ശാല ക്ഷേത്രത്തിലെ നാഗയക്ഷിയെ സ്തുതിക്കുന്ന ഗാനവരികളിൽ ക്ഷേത്ര പൂജാരിണിയായ വലിയമ്മയെയും സന്താന ലാഭത്തിന് ക്ഷേത്രത്തിൽ ചെയ്യുന്ന വഴിപാടായ ഉരുളി കമഴ്ത്തലിനെയും പരാമർശിക്കുന്നുണ്ട്. പുന്നാഗവരാളി രാഗത്തിലുള്ള ഗാനത്തിന്റെ ഈണവും പശ്ചാത്തല സംഗീതവും ആലാപനവുമെല്ലാം മനോഹരമാണ്.

ഇങ്ക്വിലാബ് സിന്ദാബാദ് (1971) എന്ന ചിത്രത്തിൽ വയലാർ രചിച്ച് ദേവരാജൻ മാസ്റ്റർ ഈണം നൽകി ബ്രഹ്മാനന്ദനും മാധുരിയും പാടിയ ഗാനമാണ്




*അലകടലിൽ നിന്നൊരു നാഗരാജാവ്*
*പുറകടലിൽ നിന്നൊരു നാഗകന്യ*
*പാലപൂക്കും കാവുകളിൽ*
*ഇരതേടിപ്പോയി പോൽ*

നാഗത്തോറ്റങ്ങളിലെ പുരാവൃത്തങ്ങളിൽ നാഗരാജാവും നാഗേശ്വരിയും ഊരുചുറ്റാൻ പോയതും ഇതിനിടയിൽ നാഗേശ്വരിക്ക് പ്രസവ കാലമടുത്തപ്പോൾ ചിത്രകൂടമുണ്ടാക്കി മുട്ടയിട്ടതുമായ കഥയുണ്ട്. ഇതിന്റെ പ്രചോദനത്തിൽ സൃഷ്ടിക്കപ്പെട്ടതാണ് ഗാന വരികൾ. പുള്ളുവൻ പാട്ടിന്റെ ഗ്രാമീണമായ വശ്യതയും മനോഹാരിതയും ശ്രവ്യാനുഭവമാക്കുന്നതാണ് ഈണവും പശ്ചാത്തല സംഗീതവും ആലാപനവും. ഭരതൻ സംവിധാനം ചെയ്ത ഒഴിവുകാലം (1985) എന്ന ചിത്രത്തിൽ പരമ്പരാഗതമായ വരികളുള്ള ഒരു നാഗപ്പാട്ട് ഉൾപ്പെടുത്തിയിട്ടുണ്ട്.

*അഷ്ടനാഗങ്ങളെ കെട്ടിയണിഞ്ഞിട്ട്*
*ദൃഷ്ടി കലർന്നെഴും പന്തലതിൽ*
*പാലും പൊടിയുള്ള പഞ്ചാമൃതക്കളം*
*നാളികേരം മലർ തേൻകുഴലും*

ജോൺസൻ ഈണം നൽകിയ ഈ ഗാനം ആലപിച്ചത് ഭരതൻ, ജോൺസൺ, ലതിക, രാധിക വാര്യർ എന്നിവർ ചേർന്നാണ്.



അഥർവം (1986) എന്ന ചിത്രത്തിൽ ഒ.എൻ. വി.കുറുപ്പ് രചിച്ച് ഇളയരാജ ഈണം നൽകി ചിത്ര പാടിയ മികച്ച പുള്ളുവൻ പാട്ടുഗാനമുണ്ട്.





*അമ്പിളിക്കലയും നീരും*
*തിരുജടയിലണിയുന്ന*
*തമ്പുരാന്റെ പാതിമെയ്യാം*
*ഭഗവതിയെ തുണയരുളൂ*

പുള്ളുവൻ പാട്ടിന്റെ പ്രാചീന ഈണത്തെ പാശ്ചാത്യ സംഗീതത്തിന്റെ ആധുനികതയുമായി സമന്വയിപ്പിച്ച ഈ ഗാനത്തിന്റെ ഈണവും സമ്പുഷ്ടമായ പശ്ചാത്തല സംഗീതവും വിസ്മയമായ ആസ്വാദന അനുഭവമാണ് നൽകുന്നത് .

***അവലംബം***


1. വിഷ്ണു നമ്പൂതിരി എം.വി.(ഡോ) – ഫോക് ലോർ നിഘണ്ടു – കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് , തിരുവനന്തപുരം 2010.
2. വിവിധ ഓൺലൈൻ വെബ്സൈറ്റുകൾ –പുള്ളുവൻപാട്ടിനെപ്പറ്റിയുള്ള വിവരങ്ങൾ
3. കെ.കെ.എൻ കുറുപ്പ് – ആര്യ ദ്രാവിഡ ഘടകങ്ങൾ മലബാറിലെ നാടൻകലയിൽ – കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് തിരുവനന്തപുരം 1980
4. ദേവരാജൻ.ജി.– ദേവഗീതികൾ – ഓതന്റിക് ബുക്സ് തിരുവനന്തപുരം 2007
5. പി.ആർ രമേശ് (എഡിറ്റർ) –നാട്ടു സംഗീതം –ഡി സി ബുക്സ് കോട്ടയം 2007


**തിരുത്ത്**

2023 ഡിസംബർ മാസത്തെ ഹൈഡൽ ബുള്ളറ്റിൽ പേജ് നമ്പർ 23 ൽ പ്രസിദ്ധീകരിച്ചിരുന്ന **'സർപ്പസംഗീതം ഭാഗം 2'** ന്റെ തലകെട്ട് **'സർപ്പപുരാവൃത്തവും നാഗലോകവും സംഗീതവും'** എന്നതാണ്.

*ചീഫ് എഡിറ്റർ*

## മിന്നാമിനുങ്ങുകൾ

മിന്നലില്ലാത്ത രാത്രിനേരത്തു
മിന്നാമിനുങ്ങു മിന്നുന്നതു കണ്ടെന്നാൽ
തന്നാലാവുംപോൽ രാത്രി നേരത്ത്
നന്നായ് വഴികാട്ടാൻ പോകയാവാം



Er **മഹേഷ് റ്റി.**
*അസിസ്റ്റന്റ് എഞ്ചിനീയർ*

# വിശദീകരണ കുറിപ്പ്

കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡിൽ നിലനിൽക്കുന്ന വിവിധ പ്രശ്നങ്ങളെക്കുറിച്ച് കെഎസ്ഇബി എൻജിനീയേഴ്സ് അസോസിയേഷൻ, വിവിധ വൈദ്യുതി ഭവനുകൾക്ക് മുന്നിൽ 2024 ജനുവരി 23 ന് വിശദീകരണ യോഗം നടത്തി. തിരുവനന്തപുരത്ത് സംസ്ഥാന പ്രസിഡന്റ് Er ഷാജ്കുമാർ ജി. ഉദ്ഘാടനം ചെയ്തു, ഇലക്ട്രിസിറ്റി ഡ്യൂട്ടി തിരിച്ചടവും ഇതുമൂലം ഉണ്ടാകുന്ന ബോർഡിന്റെ സാമ്പത്തിക പ്രതിസന്ധിയും പെൻഷൻ മാസ്റ്റർ ട്രസ്റ്റിന്റെ സ്തംഭനാവസ്ഥയും ത്രികക്ഷി കരാറിലെ ക്ലോസ് റദ്ദ് ചെയ്തത്, 90 ശതമാനം പണിപൂർത്തിയായശേഷം മുടങ്ങിക്കിടക്കുന്ന ഭൂതത്താൻകെട്ട്, തൊട്ടിയാർ, പള്ളിവാസൽ എക്സ്റ്റൻഷൻ എന്നീ വൈദ്യുത പദ്ധതികൾ പൂർത്തീകരിക്കുന്നത്, ഫുൾടൈം ഡയറക്ടർമാരുടെ ഒഴിവുകൾ നികത്താത്തത്, ബോർഡ് DA വിഷയം, ഫുൾബോർഡ് യോഗം വേണ്ട എന്ന തീരുമാനം; തുടങ്ങിയ വിവിധ വിഷയങ്ങളിൽ പരിഹാരം വേണം എന്ന് യോഗം ആവശ്യമുന്നയിച്ചു.

അസോസിയേഷൻ ജില്ല പ്രസിഡന്റ് Er മുകേഷ് കുമാർ അദ്ധ്യക്ഷനായിരുന്നു. ജനറൽ സെക്രട്ടറി Er എം. മുഹമ്മദ് റാഫി, Er സുനിൽ കെ., Er റെജി ഫ്രാൻസിസ് തുടങ്ങിയവർ സംസാരിച്ചു.

എറണാകുളം കളമശ്ശേരിയിൽ നടന്ന വിശദീകരണ യോഗം അസോസിയേഷൻ വൈസ് പ്രസിഡന്റ് Er വിജി പ്രഭാകരൻ ഉദ്ഘാടനം ചെയ്തു. എറണാകുളം യൂണിറ്റ് ചെയർമാൻ Er പ്രദീപ്, ബനവലന്റ് ഫണ്ട് ജോയിൻ സെക്രട്ടറി Er അനൂപ്, ജില്ലാ ഭാരവാഹിയായ Er അനിൽ കുമാർ ജി., അസോസിയേഷൻ മുൻ പ്രസിഡന്റ് Er എൻ. ടി. ജോബ് എന്നിവർ സംസാരിച്ചു.

കോഴിക്കോട് വൈദ്യുതി ഭവനിൽ മുന്നിൽ നടന്ന യോഗം വൈസ് പ്രസിഡന്റ് Er ഹരിപ്രസാദ് എം. ഉദ്ഘാടനം ചെയ്തു. അസോസിയേഷൻ കോഴിക്കോട് ജില്ലാ പ്രസിഡന്റ് Er നന്ദകുമാർ അധ്യക്ഷത വഹിച്ചു. Er സജിത് കുമാർ, Er ഷമീർ, Er മിനി എന്നിവർ സംസാരിച്ചു.

**ഉന്നയിക്കപ്പെട്ട വിവിധ വിഷയങ്ങൾ**

- ❖ ഇലക്ട്രിസിറ്റി ഡ്യൂട്ടി തിരിച്ചടവും ഇതുമൂലമുണ്ടാകുന്ന ബോർഡിന്റെ സാമ്പത്തിക പ്രതിസന്ധിയും
- ❖ പെൻഷൻ പ്രതിസന്ധി, മാസ്റ്റർ ട്രസ്റ്റിലേക്കുള്ള പണം സ്വരൂപിക്കൽ, ഫണ്ട് വിനിയോഗം എന്നിവയെ സംബന്ധിക്കുന്ന കെടുകാര്യസ്ഥത.
- ❖ ത്രികക്ഷി കരാറിലെ 6 (9) എന്ന ക്ലോസ് റദ്ദു ചെയ്തതു കൊണ്ടുണ്ടാകുന്ന അനന്തരഫലങ്ങൾ.
- ❖ മുടങ്ങിക്കിടക്കുന്ന വൈദ്യുത പദ്ധതികൾ പൂർത്തിയാക്കുന്നതിൽ വരുന്ന കാലതാമസം, അതുമൂലമുണ്ടാകുന്ന ഉത്പാദന നഷ്ടം, അധിക വൈദ്യുതി വാങ്ങൽ എന്നിവ സംബന്ധിച്ച്
- ❖ പെൻഷൻകാർക്കും ജീവനക്കാർക്കും ലഭിക്കേണ്ട ആനുകൂല്യങ്ങൾ സമയബന്ധിതമായി ലഭിക്കാത്തത് സംബന്ധിച്ച്
- ❖ ജീവനക്കാരുടെ യാത്രാബത്ത പരിഷ്കരണം (2014 നു ശേഷം യാത്രാബത്ത നിരക്കുകൾ പുതുക്കിയിട്ടില്ല)
- ❖ ഡയറക്ടർമാരുടെ സ്ഥിരം നിയമനം ഇല്ലാത്തതു സൃഷ്ടിക്കുന്ന ഭരണ പ്രതിസന്ധി.
- ❖ ഫുൾ ടൈം ഡയറക്ടർമാരുടെ യോഗം റദ്ദുചെയ്തതിനെ തുടർന്ന് ഉണ്ടായിട്ടുള്ള ബോർഡ് തീരുമാനങ്ങൾ എടുക്കുന്നതിനുള്ള കാലതാമസം .
- ❖ തസ്തിക വെട്ടിക്കുറവു മൂലവും മറ്റും സമയബന്ധിതമായി സ്ഥാനക്കയറ്റം ലഭിക്കാത്തതു കൊണ്ട്, ഒരേ തസ്തികയിൽ കൂടുതൽ കാലം ജോലി ചെയ്തു വിരമിക്കേണ്ടി വരുന്ന ജീവനക്കാരുടെ തസ്തിക പുനർനാമകരണം ഏകീകരിക്കുന്നത് സംബന്ധിച്ച്.
- ❖ റീസ്ട്രക്ചറിംഗ് (തസ്തിക പുനഃസംഘടന)

# Energy Briefs
6



***Er Subha T.G.***
*Assistant Engineer*

## I. India boosts power generation capacity significantly over decade, aims for sizable renewable energy expansion

In a written reply, minister for power and new & renewable energy, R K Singh outlined that the nation has transitioned from a power deficit to a surplus, adding 97,501.2 MW in conventional power and 96,282.9 MW in renewable energy over the past decade. India has significantly enhanced its power generation capacity, achieving a 70% increase from 2014 to 2023, said Union minister for power and new & renewable energy R K Singh in the Lok Sabha. As of October 2023, India's generation capacity stands at 425,536 MW, up from 248,554 MW in March 2014. The country has also made significant strides in developing its transmission infrastructure, with the addition of 187,849 circuit kilometers of transmission lines over the past nine years, enabling the transfer of 116,540 MW of power across India.

Improvements in the distribution system have been marked by the implementation of projects worth 1.85 lakh Crore under various government initiatives, leading to the construction of 2,927 substations and the addition of 8.86 lakh circuit kilometers of HT/LT lines. Consequently, power availability in rural areas has increased from 12 hours in 2015 to 20.6 hours in 2023, while urban areas enjoy 23.6 hours of power availability. The minister also highlighted that the gap between energy requirements and supply has narrowed significantly, from 4.2% in the financial year 2013-14 to 0.3% in 2023-24. This remaining gap is attributed to constraints in state transmission and distribution networks and financial limitations of DISCOMs.

The demand for power in India has been on an upward trajectory, fueled by the country's rapid economic growth and the provision of new electricity connections to 2.86 Crore households. The ministry of power has laid out a comprehensive plan to meet the anticipated increase in power demand. Projects under construction include 27,180 MW of thermal capacity, 18,033.5 MW of hydro capacity, 8,000 MW of nuclear capacity and 78,935 MW of renewable energy capacity. By 2031-32, India expects to add a total capacity of 464,124 MW.

In line with its commitment to augment non-fossil fuel-based electricity generation to over 500,000 MW by 2030, India is implementing a phased transmission plan for the integration of renewable energy. Measures include setting up ultra-mega renewable energy parks and constructing green energy corridors, with 13 renewable energy management centers already in place. R K Singh concluded by affirming the sector's viability, noting a reduction in AT&C losses from 22.62% in 2013-14 to 15.41% in 2022-23. Current payments to generation companies are up-to-date, and legacy dues have been significantly reduced. The subsidy payments to DISCOMs by state governments are also reported to be current, underscoring the health and efficiency of India's power sector.

*Courtesy: Economic Times Energy World*

**II. Goa to host India Energy Week from February 6-9**

Goa will host the second edition of India Energy Week (IEW) 2024 from February 6-9, 2024. The IEW will be organized by the Federation of Indian Petroleum Industry (FIPI) under the aegis of the of Petroleum and Natural Gas, Government of India from February 6-9, 2024.Federation of Indian Petroleum Industry (FIPI) Director General Gurmeet Singh said on Friday in Goa that IEW will serve as a catalyst for meaningful discussions, knowledge exchange, and collaboration among industry experts, policy makers, academia and entrepreneurs. The spotlight at IEW 2024 will demonstrate India's intricate energy landscape, characterized by a diverse energy mix, rapid growth in renewable energy, challenges related to energy access, urbanization, and economic development, all within the context of addressing climate change.

*Courtesy: Economic Times Energy World*

**III. National Grid Announces Commercial Operations of Viking Link Interconnector**

National Grid's new Viking Link electricity interconnector became operational on Dec. 29,2023, transporting power between the UK and Denmark. The link has a capacity of 1.4 GW and stretches for 475 miles under land and sea to join Bicker Fen substation in Lincolnshire with Revsing substation in southern Jutland, Denmark. The £1.7 billion project is a joint venture between National Grid and Danish System Operator, Energinet, and has the capacity to transport enough electricity for up to 2.5 million UK homes, bringing over £500 million of cumulative savings for UK consumers over the next decade due to cheaper imported power from Denmark. Construction on Viking Link, National Grid's sixth interconnector, started in 2019, with more than four million working hours spent to get to this point.

National Grid's interconnector business is run by National Grid Ventures (NGV), which operates outside of National Grid's core regulated businesses in the UK and US. NGV develops, operates and invests in energy projects, technologies and partnerships to accelerate the development of our clean energy future. Viking Link will bring huge benefits for UK consumers including cheaper, lower carbon power and increased energy security as the UK can call on additional power from Denmark when needed.

Viking Link has a converter station on each end of the cable where the power is transformed into the correct frequency before being transported onto each country's transmission systems. Principal Contractor Siemens Energy built the converter station in the UK while Energinet built the Danish converter station. Siemens Energy have designed, installed and commissioned the electrical assets on both sides. The HVDC offshore cable was manufactured and laid by Prysmian Group. The cable was laid on the seabed using a custom-made vessel The Leonardo Da Vinci which was then buried using Asso trenchers. Prysmian Group manufactured the HVDC land cable, which was installed by Balfour Beatty, the offshore section was manufactured and installed by Prysmian Group in the UK and the Danish land section was manufactured by NKT and installed by Monck.



National Grid launched the UK's first interconnector (IFA) to France in 1986. Since then, it has built five more including a second link with France (IFA2) and further connections with The Netherlands (BritNed), Belgium (Nemo Link) and Norway (North Sea Link). Between 2020 and 2030, National Grid expects its interconnectors will have helped the UK to avoid around 100 million tonnes of carbon emissions and by 2030, 90% of the energy imported through the company's interconnectors will be from zero carbon energy sources.

*Courtesy: T&D World*

## IV. CERC proposes sops for higher PLF in peak hours by 10p

The power regulator has proposed to increase the incentive for higher plant load factor (PLF) in peak demand hours by 10 paise per unit to 75 paise for the five-year tariff period of FY25-FY29, in what could be a positive for NTPC, while keeping the return on equity for thermal units unchanged at 15.5%.

The regulations apply to regulated entities for cost-plus based tariff determination. The proposals are largely on expected lines. There was no expectation of a reduction in the return on equity on thermal units according to power sector market analysts.

For thermal plants older than 25 years, the special allowance is proposed to be raised to 10.75 lakh per MW per year against 9.5 lakh per MW a year. However, the Central Electricity Regulatory Commission (CERC) has proposed to slash the return on equity for new transmission projects commissioned after April 2024 by 50 basis points to 15%. This could be," marginally negative" for Power Grid Corporation of India, according to industry experts.

*Courtesy: Economic Times Industry*

# സ്ഥാനക്കയറ്റങ്ങളുടെ രീതിശാസ്ത്രം :-





*Er* **ഹരികുമാർ ബി.**
*എക്സിക്യൂട്ടീവ് എഞ്ചിനീയർ*

**ന**മ്മുടെ ചുറ്റുമുള്ള, വിവിധ തുറകളിലുള്ള സ്ഥാനക്കയറ്റങ്ങളുടെ രീതിശാസ്ത്രത്തെ ക്കുറിച്ച് അപഗ്രഥിക്കുമ്പോൾ, സർവ്വീസിന്റെ തുടക്കത്തിൽ, പല വാതായനങ്ങളിലൂടെ, ഗ്രഡേഷൻ ലിസ്റ്റെന്ന ഏണിപ്പടിയിൽ കയറി പ്പറ്റി, അതിലെ വിവിധ പടികളിൽ; മുകളി ലത്തെ പടികളിൽ നിലയുറപ്പിച്ചവർ വീണ്ടും മുകളിലോട്ട് കയറുന്നതോ, പടിയിൽ നിന്നും താഴെ വീഴുന്നതോ നോക്കി, കണ്ണിലെണ്ണയൊ ഴിച്ച് കാത്തുനിൽക്കുന്ന ഒരു കൂട്ടം ഭാഗ്യാ ന്വേഷികളുടെ നിൽപ് പോലെ, ഇന്നൂറ്റാ ണ്ടിലെ ഏറ്റവും വലിയ തമാശ പോലെ, വിരോധാഭാസമായിത്തോന്നുന്നു.

സ്ഥാനക്കയറ്റത്തിന് മുഖ്യഹേതുക്കളാവേണ്ട Performance, Credibility, Calibre, Tenacity, Technical as well as management acumen എന്നിവ വെറും നോക്കുകുത്തികളായി നിലകൊള്ളുന്നത് സ്ഥാപനത്തിന്റെയും അതിലെ വിവിധ stakeholders ന്റെയും നാടിന്റെ തന്നെയും പുരോഗതിയ്ക്കും മുന്നോട്ടുള്ള പ്രയാണ ത്തിനും വിഘാതമാവുമെന്നത് കാലത്തിന്റെ, ദാക്ഷിണ്യമില്ലാത്ത കാവ്യനീതി തന്നെ.

*'മാറ്റുവിൻ ചട്ടങ്ങളെ സ്വയമല്ലെങ്കിൽ*
*മാറ്റു മതുകളീ നിങ്ങളെത്താൻ'.*

## സിനിമാഭിപ്രായം - 2

# It's only the end of the world

*(Juste la fin du monde - French name)*

Direction, script, editing - Xavier Dolan

Awards - Grand Prix at Cannes



*Er കെ.എൻ. രാമദാസ്*
*അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ (റിട്ട.)*

ഇത്തവണത്തെ തിരുവനന്തപുരം അന്താരാഷ്ട്ര ചലച്ചിത്രോത്സവത്തിൽ കണ്ട മികച്ചൊരു ചിത്രമാണിത്.

12 വർഷത്തെ തിരോധാനത്തിനു ശേഷം, തന്റെ ആസന്നമായ മരണം കുടുംബത്തെ അറിയിക്കുവാൻ വേണ്ടി മടങ്ങിയെത്തുന്ന എഴുത്തുകാരൻ ലൂയീസിന്റെ അനുഭവങ്ങളാണ് പ്രമേയം. ആ ചെറുപ്പക്കാരന്റെ ആസന്നമരണം, ആത്മഹത്യയാണോ, രോഗം മൂലമാണോ യെന്ന് കഥയിൽ ഒരിടത്തും പ്രതിപാദിക്കുന്നില്ല. പ്രതീക്ഷക്ക് വിപരീതമായി, വളരെ തണുത്ത സ്വീകരണമാണ്, ലൂയീസിന് കുടുംബത്തിൽ നിന്നും ലഭിക്കുന്നത്. അമ്മ, മൂത്ത സഹോദരൻ, അയാളുടെ ഭാര്യ, ഇളയ സഹോദരി എന്നിവരടങ്ങുന്നതാണ് കുടുംബം. പറയാൻ വന്ന കാര്യം (ആസന്നമരണം) പറയുന്നതിന് അയാൾക്ക് അവസരം ലഭിക്കുന്നേയില്ല.

ഇടക്കൊരു ഫോൺ കോളിൽ ആരോടോ, എനിക്കതിതു വരെ പറയാൻ കഴിഞ്ഞില്ലെന്ന് പറയുന്ന ഭാഗമാണ് നമുക്ക് സിനിമയിൽ ഇങ്ങനെയൊരു കാര്യമുണ്ടെന്ന നേരിട്ടുള്ള സംവേദനം.

വിട്ടു പോയ ബന്ധങ്ങൾ, വിളക്കിച്ചേർക്കുവാൻ അമ്മ നന്നായി പരിശ്രമിക്കുന്നുണ്ടെങ്കിലും, സാധ്യമാകുന്നില്ല. അനിയത്തിയും, ചേടത്തിയമ്മയും പൊരുത്തപ്പെട്ടു പോകാൻ ശ്രമിക്കുന്നുണ്ടെങ്കിലും, ജ്യേഷ്ഠൻ അതിന് വിഘാതമായി നിൽക്കുന്നു. വന്ന ദിവസം മുതൽ ലൂയീസിനോട് അയാൾ ഒരു ശത്രുവിനെപ്പോലെയാണ് പെരുമാറുന്നത്.




ഒരുതരം വിഭ്രാന്തി പിടിച്ച അവസ്ഥയിലേക്കയാൾ മാറുന്നു.

അടുത്ത് തന്നെയുള്ള ഒരു പട്ടണത്തിലായിരുന്നു, ലൂയീസ് ഏകാന്തവാസം നയിച്ചിരുന്നത്. കുടുംബത്തിലെ ആരുമായും അയാൾ ഇത്രയും നാൾ ബന്ധപ്പെട്ടിരുന്നില്ല. പത്രങ്ങളിലും, ആനുകാലികങ്ങളിലും, പുസ്തകങ്ങളിലും കൂടെയാണ് കുടുംബം ഈ പ്രശസ്ത സാഹിത്യകാരൻ ജീവിച്ചിരിക്കു

ന്നുണ്ടെന്നറിയുന്നത്. അവരാകട്ടെ അയാളെ കണ്ടെത്താൻ ഒരു പരിശ്രമവും നടത്തിയതുമില്ല.

എഴുത്തുകാരന്മാരിൽ ചിലർ ഏകാന്തവാസം ഇഷ്ടപ്പെടുന്നവരും, അരാജക വാദികളുമായിരിക്കുമല്ലോ, അതാവാം കാരണം.

തീൻമേശയിലെങ്കിലും എല്ലാരും ഒത്തുകൂടി, നർമ്മം പറഞ്ഞ്, വീഞ്ഞും ഭക്ഷണവും കഴിക്കണമെന്നാണ് അമ്മയുടെ ആഗ്രഹം. ജ്യേഷ്ഠൻ ആ നേരത്തും കലഹപ്രിയൻ തന്നെ. അങ്ങേരെ ഒളിച്ചും പേടിച്ചുമാണ് മറ്റു മൂന്നു പേരും ലൂയീസിനോട് എന്തെങ്കിലും പറയുന്നത്.

ദിനംപ്രതി കുടുംബാന്തരീക്ഷത്തിൽ പിരിമുറുക്കം കൂടിക്കൊണ്ടിരുന്നു. അങ്ങനെയൊരു ദിവസം ഒത്തുതീർപ്പ് ശ്രമത്തിനായി, ലൂയീസ് ചേട്ടനുമൊത്ത് ഒരു ഡ്രൈവിന് പോകുന്നു. യാത്രക്കിടയിൽ കാര്യങ്ങൾ പറഞ്ഞു മനസ്സിലാക്കാൻ ലൂയീസ് ശ്രമിക്കുന്നു. തന്റെ ജീവിതത്തെപ്പറ്റി, എഴുത്തിനെപ്പറ്റി, താനെന്തു കൊണ്ടാണ് വീട് വിട്ടതെന്നും പിന്നെ വരാതിരുന്നതെന്നുമൊക്കെയുള്ള കാര്യങ്ങൾ. കുറെ നേരം അക്ഷമയോടെ കേട്ടിരുന്ന ചേട്ടൻ പെട്ടെന്ന് ക്ഷുഭിതനായി പ്രതികരിക്കുന്നു. എനിക്കിതൊക്കെയറിഞ്ഞെട്ടെന്തു കാര്യം എന്ന് പറഞ്ഞ് ചെവി പൊത്തുന്നു. വീണ്ടും അനുനയ ശ്രമം നടത്തുന്ന ലൂയീസിനോട് വണ്ടി നിർത്തുവാൻ ആവശ്യപ്പെട്ട്, അയാൾ (അന്റോയിൻ) വഴിയിലിറങ്ങിപ്പോകുന്നു.

മറ്റൊരു ദിവസം അമ്മ എല്ലാർക്കുമായി അത്താഴ സദ്യയൊരുക്കുന്നു. വീഞ്ഞും ഭക്ഷണവും കഴിച്ച് തമാശകൾ പറഞ്ഞിരിക്കുന്നതിനിടയിൽ അന്റോയിൻ പെട്ടെന്ന് തന്റെ ഉള്ളിലെരിയുന്ന വിഷമങ്ങളൊക്കെ പുറത്തെടുത്ത് അലറി വിളിക്കുന്നു. 'എടാ ഇത്രയും കാലം നീയെവിടെയായിരുന്നു. നീ പോയ ശേഷം ഈ വീട് എങ്ങനെ കഴിഞ്ഞിരുന്നുവെന്ന് നിനക്കറിയാമോ? നിന്റെ അനിയത്തി വളർന്നിങ്ങനെയായത് നീ കണ്ടുവോ? ഈ നിമിഷം നീയിവിടെ നിന്നിറങ്ങണം. ഞങ്ങൾക്കിങ്ങനെയൊരു സഹോദരനില്ല. അതിനോട് ഞങ്ങൾ എന്നോ പൊരുത്തപ്പെട്ട് കഴിഞ്ഞു. ദയവായി ഇനിയും ഇവിടെ തുടർന്ന് ഈ കുടുംബത്തിലെ സമാധാനം കെടുത്തരുത്. ഞങ്ങൾക്ക് താങ്ങാൻ പറ്റുന്നില്ല."

അനുനയിപ്പിക്കുവാൻ ചെന്ന അമ്മയെ തള്ളിമാറ്റി, ലൂയീസിനെ കോളറിൽ തൂക്കിയെടുത്ത് അന്റോയിൻ ആജ്ഞാപിക്കുന്നു. 'എടുത്തു കൊണ്ടു വാടാ നിന്റെ പെട്ടിയും പ്രമാണവും, ഞാൻ തന്നെ കൊണ്ടു വിടാം, സ്റ്റേഷനിൽ.' മറ്റ് കുടുംബാംഗങ്ങൾ പേടിച്ചു വിരണ്ട് നിൽക്കുമ്പോൾ, നിസ്സഹായനായ ലൂയീസ് പെട്ടിയുമെടുത്തിറങ്ങുന്നു.

ചേട്ടനും അനിയനുമായി കാറിൽ കയറി പോകുന്ന ദൃശ്യത്തിലാണ് സിനിമ അവസാനിക്കുന്നത്.

ഇതിന് നമ്മളിൽ പലരും കണ്ടതും കേട്ടതുമായ കഥകളുമായി സാമ്യമുണ്ടാകാം. ദീർഘകാലം കാണാതിരുന്ന ഒരു ബന്ധു ആരായാലും തിരിച്ചെത്തുമ്പോൾ അവരെ ഉൾക്കൊള്ളാൻ സമൂഹത്തിനും കുടുംബത്തിനും മുമ്പിൽ ഒരുപാട് തടസ്സങ്ങളുണ്ട്. അപൂർവ്വമായി മാത്രമേ, മറിച്ചൊരു ചിത്രം കാണാനാകു.

എല്ലാ അഭിനേതാക്കളും കഥാപാത്രങ്ങളോട് പൂർണ്ണ നീതി പുലർത്തിയെങ്കിലും അന്റോയിനായി വേഷമിട്ട Vincent Cassel ന്റെ അസാധ്യ പ്രകടനം ഇപ്പോഴും എന്റെ കൺമുമ്പിലുണ്ട്. അതാണ് ആ അഭിനേതാവിന്റെ വിജയം.

24 വയസ്സിൽ ആദ്യ സിനിമയെടുത്ത ഡോലന്റെ മൂന്നാമത്തെ സിനിമയാണിത്.

എല്ലാം മികച്ച ചിത്രങ്ങൾ. കനേഡിയൻ പൗരനായ അദ്ദേഹം സിനിമക്കു വേണ്ടി മാത്രം ഇപ്പോൾ പാരീസിൽ ജീവിക്കുന്നു. ഈ യുവാവിൽ ഞങ്ങൾ സിനിമാപ്രേമികൾക്കും, സിനിമാലോകത്തിനാകെയും വലിയ പ്രതീക്ഷകളാണുള്ളത്.

## Chithirapuram Unit Meeting





## Kotttayam Unit Meeting






## Alappuzha Unit Meeting








**Gopalakrishnan M H**
Age :11, Class : 6
GVHSS Kunchithanny
S/o. Er Haridas Vijayan
**(Chithirapuram Unit)**



**Parthiv Praveen**
Age: 6, Class :1
St .Thomas Central School
S/o. Er Vidya Rajagopal
**(Thiruvananthapuram Unit)**

**KSEB ENGINEERS' ASSOCIATION**
**Hydel Bullet Monthly**
**RNI Reg. No. KERENG/2013/48628**

**Price ₹ 10**
**Postal Reg. No. KL/TV(N)/645/2022-2024**
**Date of Publication 08.02.2024**



**Central office bearers met KSERC Chairman Sri. T.K. Jose IAS (Rtd) and discussed various issues related with KSEBL**







Edited, Printed & Published by Er Rajesh D.S., Chief Editor, Hydel Bullet for and on behalf of KSEB Engineers' Association, Panavila, Trivandrum-01, Ph:0471-2330696, Email: hydelbulletin@gmail.com, Web: ksebea.in at Bhagath Printers, Pattom, Trivandrum - 4 , Mob : 8138 91 81 91, bhagathprinters@gmail.com

For private circulation only